# മുഖവുര

സാധാരണക്കാർക്കും അക്ഷരത്തിന്റെ ലോകത്തേക്ക് കടന്നുവരുന്നവർക്കും വേണ്ടി പ്രത്യേകം തയ്യാറാക്കിയതാണ് പരിശുദ്ധ ബൈബിളിന്റെ ഈ പതിപ്പ്. വ്യവസ്ഥാപിത മലയാളഭാഷ വായിച്ച് കാര്യങ്ങൾ മനസ്സിലാക്കാൻ അവർക്കു വളരെ ബുദ്ധിമുട്ടുണ്ട്. ലേഖനഭാഷയുമായുള്ള പരിചയം അവർക്കു വളരെ കുറവായതാണിതിനു കാരണം. ഭാഷാപരിചയം വളരെയുള്ളവർക്ക് ഇതൊരു പ്രശ്നമല്ല. കുട്ടികളും മലയാളം ഒരു വിദേശ ഭാഷയായി പഠിക്കുന്നവരും മറ്റനവധിയാളുകളും ഈ വൈഷമ്യങ്ങൾ നേരിടുന്നവരാണ്. വായിക്കുകയും ഒപ്പം മനസ്സിലാക്കുകയും ചെയ്യാൻ ഇവരെ സഹായിക്കുകയാണ് ഈ പരിഭാഷയുടെ ലക്ഷ്യം.

നല്ല പരിഭാഷയിലൂടെ നല്ല ആശയ വിനിമയം എന്നത് തിരുവെഴുത്തിന്റെ ഈ ഭാഷ്യ ത്തിനു പ്രേരിപ്പിച്ച സംഗതികളിലൊന്നാണ്. ബൈബിൾ രചയിതാക്കളുടെ സന്ദേശം അക്കാലത്ത് ജനങ്ങൾ എങ്ങനെ ഫലപ്രദമായി അനുഭവിച്ചുവോ അതേ സ്വാഭാവിക തയോടും ഫലപ്രദമായ രീതിയിലും ആ സന്ദേശം ഇന്നത്തെ വായനക്കാരനു പകർന്നു കൊടുക്കുകയെന്നതാണ് പരിഭാഷകരുടെ മുഖ്യമായ താൽപര്യം. നിഘണ്ടുവിലെ അർത്ഥം പകർത്തിവയ്ക്കുകയല്ല സത്യസന്ധമായ പരിഭാഷ. ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പ് മൂലസന്ദേശം എത്രമാത്രം തീവ്രതയോടെ സ്വാധീനം ചെലുത്തിയിരുന്നുവോ അതേ അർത്ഥത്തിൽ ഇന്ന് ആ സന്ദേശത്തെ പുന:സൃഷ്ടിക്കുന്ന പ്രക്രിയയാണിത്. ഫലപ്രദമായ ആശയവിനിമയം ഈ ഗ്രന്ഥത്തിന്റെ പരിഭാഷകർക്കു പ്രധാന്യമായിരുന്നു. എന്നാൽ പരിഭാഷയുടെ കൃത്യതയെ അതുമൂലം നിരസിയ്ക്കുന്നുമില്ല. കൃത്യതയെന്നാൽ ആശയ ങ്ങളുടെ സത്യസന്ധമായ ആവിഷ്കരണമാണ്, അല്ലാതെ വാക്കുകളുടെ വാച്യാർത്ഥമല്ല എന്ന് ഇതിന്റെ പരിഭാഷകർ മനസ്സിലാക്കുന്നു.

തിരുവെഴുത്തെഴുതിയവർ, പ്രത്യേകിച്ച് പരിശുദ്ധ ബൈബിളിന്റെ രചയിതാക്കൾ, അനാ യാസമുള്ള ആശയവിനിമയത്തിനു സഹായകമാകുന്ന ഒരു ഭാഷാശൈലിയാണ് സ്വീകരി ച്ചിട്ടുള്ളത്. ആ ശൈലിയും സമീപനവുമാണ് ഇതിന്റെ പരിഭാഷകർക്ക് മാതൃകയായിരി ക്കുന്നത്. അതിനാൽ ഇതിന്റെ അർത്ഥം വായനക്കാർക്കു മനസ്സിലാകുന്ന രീതിയിൽ സ്വാഭാവികവും ലളിതവുമായ ഭാഷയിലാണവർ ചെയ്തിട്ടുള്ളത്. ഇതിലെ ഭാഷ വായിച്ചു മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്നതല്ല. പകരം വലിയൊരു വിഭാഗം മല യാളം വായനക്കാർക്ക് തിരുവെഴുത്തിലെ സത്യങ്ങൾ തുറക്കാനുള്ള താക്കോൽ ആയിട്ടാണ് ഇതിലെ ഭാഷ ഉപയോഗിച്ചിരിക്കുന്നത്.

വായനക്കാരനു മനസ്സിലാക്കുവാൻ സഹായിക്കുന്ന ഒരുപാട് പ്രത്യേകതകൾ ഈ പരിഭാഷ യിലുണ്ട്. വിഷമം പിടിച്ചതോ അർത്ഥം അവ്യക്തമായതോ ആയ പദങ്ങൾക്ക് വിശദീകര ണങ്ങളോ പര്യായങ്ങളോ പ്രത്യേകം ചേർത്തിട്ടുണ്ട്. വിശദീകരണങ്ങൾ ഇടവാക്യങ്ങളായി ബ്രായ്ക്കറ്റിൽ കൊടുത്തിരിക്കുന്നു. പൂർണ്ണമായും വിശദീകരണം വേണ്ട വാക്കുകൾക്കുമേൽ നക്ഷത്രചിഹ്നമിട്ടിരിക്കും. അതാതു പേജിൽ അടിക്കുറിപ്പായി അതിന്റെ വിശദീകരണവും ഉണ്ടാകും. അതിലുമുപരിയായി പഴയനിയമത്തിൽ നിന്നും സാമ്യപാഠമുള്ള ഉദ്ധരണികൾ കണ്ടെത്തി അടിക്കുറിപ്പിൽ ചേർത്തിട്ടുണ്ട്. വാക്കുകളുടെയോ പ്രസ്താവനകളുടെയോ അർത്ഥം ചില പ്രകാരത്തിൽ വ്യക്തമാക്കേണ്ടതുണ്ടെങ്കിൽ അങ്ങനെയും ചെയ്തിട്ടുണ്ട്. അവ പകുതി സ്ക്വയർ ബ്രായ്ക്കറ്റിലാണ് സൂചിപ്പിച്ചിരിക്കുന്നത്.

# അവതാരിക

“പുസ്തകങ്ങൾ” എന്നർത്ഥം വരുന്ന ഗ്രീക്കുപദത്തിൽ നിന്നാണ് ബൈബിൾ എന്ന വാക്ക് ഉണ്ടായത്. ബൈബിൾ യഥാർത്ഥത്തിൽ രണ്ടു പുസ്തകങ്ങളുടെ ഒരു സമാഹാരമാണ്. “നിയമം” എന്ന വാക്ക് “ഉടമ്പടി” എന്ന അർത്ഥത്തിലാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. മോശെയുടെ കാലത്ത് ദൈവം യിസ്രായേൽജനതയുമായുണ്ടാക്കിയ കരാറുമായി ബന്ധപ്പെട്ടുള്ള രചനകളുടെ സമാഹാരമാണ് പഴയനിയമം. പുതിയ നിയമമാകട്ടെ, യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാ മനുഷ്യരുമായി ദൈവം ഉണ്ടാക്കിയിരിക്കുന്ന ഉടമ്പടിയുമായി ബന്ധപ്പെട്ടുള്ള രചനകളുടെ സമാഹാരവുമാണ്.

യെഹൂദജനതയ്ക്കിടയിൽ ദൈവം നടത്തിയ മഹത്തായ പ്രവർത്തനങ്ങളെപ്പററിയുള്ള കണക്കും ലോകത്തിനു മുഴുവനും തൻെറ അനുഗ്രഹങ്ങളെത്തിക്കുന്നതിന് ആ ജനതയെ ഉപയോഗിക്കേണ്ട തിനുള്ള ദൈവത്തിൻെറ പദ്ധതി വെളിപ്പെടുത്തുന്നതുമാണ് പഴയനിയമത്തിൽ വിവരിക്കുന്നത്. തൻെറ പദ്ധതികൾ നടപ്പിലാക്കുന്നതിന് ദൈവം അയയ്ക്കാനിരിക്കുന്ന ഒരു രക്ഷകൻെറ (മശീഹ) വരവിനെ ഉററുനോക്കുകയാണ് ആ രചനകൾ. പുതിയനിയമം പഴയനിയമകഥയുടെ ഒരു തുടർച്ചയാണ്. ആ രക്ഷകൻെറ (യേശുക്രിസ്തു) വരവിനെക്കുറിച്ചും അതിൻെറ അർത്ഥമെന്താ യിരിക്കുമെന്നതിനെക്കുറിച്ചും മുഴുവൻ മനുഷ്യർക്കും വിവരിക്കുകയാണ് പുതിയനിയമത്തിൽ. പുതിയനിയമം മനസ്സിലാക്കുന്നതിന് ഒരു പശ്ചാത്തലമെന്നനിലയിൽ പഴയനിയമത്തിന് വളരെ പ്രാധാന്യമുണ്ട്. പഴയനിയ മത്തിൽ ആരംഭിക്കുന്ന രക്ഷയുടെ കഥ പുതിയനിയമത്തിൽ പൂർത്തി യാവുകയാണ്.

**പഴയനിയമം**
വ്യത്യസ്ത ലേഖകന്മാരെഴുതിയ മുപ്പത്തൊൻപതു പുസ്തകങ്ങളുടെ സമാഹാരമാണ് പഴയനി യമം. പുരാതന യിസ്രായേലിൻെറ ഭാഷയായ എബ്രായ ഭാഷയിലാണ് അവ എഴുതപ്പെട്ടിരിക്കു ന്നത്. ബാബിലോണിലെ ചക്രവർത്തിയുടെ ഔദ്യോഗിക ഭാഷയായ അരാമ്യയിൽ എഴുതിയ ചില ഭാഗങ്ങളും അക്കൂട്ടത്തിലുണ്ട്. ഏകദേശം മൂവായിരത്തഞ്ഞൂറു വർഷങ്ങൾക്കപ്പുറമാണ് പഴയനിയമത്തിൻെറ ഭാഗങ്ങൾ എഴുതപ്പെട്ടത്. ആദ്യത്തേതും അവസാനത്തേതുമായ പുസ്ത കങ്ങൾ രചിക്കപ്പെടുന്നതിനിടയിൽ ആയിരത്തിലധികം വർഷങ്ങൾ കഴിഞ്ഞിരുന്നു. ഈ സമാഹാ രത്തിൽ നിയമം, ചരിത്രം, ഗദ്യം, ഗാനങ്ങൾ, കവിത ജ്ഞാനികളുടെ ഉപദേശങ്ങൾ എന്നിവയുണ്ട്.

പഴയനിയമത്തെ നിയമം, പ്രവാചകന്മാർ, വിശുദ്ധലിഖിതങ്ങൾ എന്നീ മൂന്ന് ഭാഗങ്ങളായി തിരിക്കാറുണ്ട്. നിയമഭാഗത്ത് “മോശെയുടെ അഞ്ചു പുസ്തകങ്ങൾ” ആണുള്ളത്. ഉൽപ്പത്തിയാണ് ആദ്യപുസ്തകം. നമുക്കെല്ലാമറിയാവുന്നതുപോലെ ലോകത്തിൻെറ ആരംഭം ആദിമമനുഷ്യരായ ആദാം, ഹവ്വ, അവരുടെ ദൈവത്തിനെതിരെയുള്ള ആദ്യത്തെ പാപം എന്നിവയെപ്പററിയുള്ള കാര്യങ്ങളാണ് ഉല്പത്തിയിലുള്ളത്. മഹാപ്രളയത്തെയും ദൈവം പ്രളയത്തിൽനിന്നും രക്ഷപ്പെ ടുത്തിയ കുടുംബങ്ങളെയും കുറിച്ചും യിസ്രായേൽരാഷ്ട്രത്തിൻെറ ആരംഭത്തെപ്പററിയും ദൈവം പ്രത്യേക കാര്യങ്ങൾക്കായി തിരഞ്ഞെടുത്തവരെപ്പററിയുമൊക്കെ അതിൽ പറയുന്നു.

**അബ്രാഹാമിൻെറ കഥ**
മഹാവിശ്വാസിയായ അബ്രാഹാമുമായി ദൈവം ഒരു കരാറുണ്ടാക്കി. ആ കരാറിൽ അബ്രാഹാ മിനെ വലിയൊരു ജനതയുടെ പിതാവാക്കാമെന്നും അദ്ദേഹത്തിനും അദ്ദേഹത്തിൻെറ പിൻഗാമി കൾക്കും കനാൻദേശം നൽകാമെന്നും ദൈവം വാഗ്ദാനം ചെയ്തുതാൻ കരാർ സ്വീകരിച്ചതായി കാണിക്കാൻ അബ്രാഹാം പരിച്ഛേദന കർമ്മം ചെയ്തു. പരിച്ഛേദന പിന്നീട് ദൈവവും തൻെറ ജനതയുമായുള്ള കരാറിൻെറ തെളിവായിത്തീരുകയും ചെയ്തു. ദൈവം വാഗ്ദാനം ചെയ്ത കാര്യങ്ങൾ എങ്ങനെയാണ് നടപ്പിലാക്കുകയെന്ന് അബ്രാഹാമിനറിഞ്ഞുകൂടായിരുന്നു. എങ്കിലും അബ്രാഹാം ദൈവത്തിൽ വിശ്വസിച്ചു. അത് ദൈവത്തെ വളരെ സന്തുഷ്ടനാക്കി.

ദൈവം അബ്രാഹാമിനോട് മെസാപൊട്ടോമിയയിലെ എബ്രായർക്കിടയിലുള്ള അവൻെറ വീട് വിട്ടുപോകുവാൻ കല്പിക്കുകയും വാഗ്ദത്ത ഭൂമിയായ കനാൻ (പാലസ്തീൻ) ദേശത്തേക്ക് നയിക്കുകയും ചെയ്തു. വാർദ്ധക്യത്തിൽ അബ്രാഹാമിന് യിസ്ഹാക്ക് എന്നൊരു പുത്രനുണ്ടായി. യിസ്ഹാക്കിന് യാക്കോബ് എന്നൊരു മകനുണ്ടായിരുന്നു. യാക്കോബിന് (യിസ്രായേലെന്നും വിളിക്കും) പന്ത്രണ്ടുപുത്രന്മാരും ഒരു പുത്രിയുമുണ്ടായിരുന്നു. ഈ കുടുംബം യിസ്രായേൽ ജനതയായിത്തീർന്നു. പക്ഷേ ഒരിക്കലും അവർ തങ്ങളുടെ ഗോത്രപരമായ പൈതൃകം മറന്നില്ല. യിസ്രായേലിൻെറ പന്ത്രണ്ടുഗോത്രങ്ങളെന്നു തങ്ങളെപ്പററി പറയുന്നതു അവർ തുടർന്നു. യാക്കോബിൻെറ പന്ത്രണ്ടു പുത്രന്മാരുടെ പിൻഗാമികൾ ഇവരായിരുന്നു: രൂബേൻ, ശിമെയോൻ,

ലേവി, യെഹൂദാ, ദാൻ, നഫ്താലി, ഗാദ്, ആശേർ, യിസ്സാഖാർ, സെബൂലൂൻ, യോസേഫ്, ബെന്യാമീൻ. അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവരാണ് മൂന്നു പ്രധാന പൂർവ്വികന്മാർ. "യിസ്രായേലിൻെറ പിതാക്കന്മാർ" അഥവാ "കാരണവർ" എന്ന് ഇവർ അറിയപ്പെടുന്നു.

അബ്രാഹാം മററൊരു രീതിയിലും ഒരു "പിതാവ്" ആയിരുന്നു. പുരാതന യിസ്രായേലിൽ ദൈവം പലതവണ ചില വ്യക്തികളെ തൻെറ വക്താക്കളായി വിളിക്കാറുണ്ട്. ഈ വക്താക്കൾ അഥവാ പ്രവാചകന്മാർ ജനങ്ങൾക്കിടയിൽ ദൈവത്തിൻെറ പ്രതിനിധികളാണ്. ഈ പ്രവാചകന്മാരിലൂടെയാണ് ദൈവം യിസ്രായേൽജനതയ്ക്ക് വാഗ്ദാനങ്ങളും താക്കീതുകളും നിയമങ്ങളും ഉപദേശങ്ങളും പഴയ അനുഭവങ്ങളിൽ നിന്നുള്ള പാഠങ്ങളും ഭാവി അനുഭവങ്ങളിലേക്കുള്ള പാഠങ്ങളുമൊക്കെ നൽകുന്നത്. "എബ്രായനായ" അബ്രാഹാം ആണ് പഴയനിയമത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന ആദ്യപ്രവാചകൻ.

**യിസ്രായേൽ അടിമത്വത്തിൽ നിന്നും മോചിതരായി**

എഴുപതോളം അംഗങ്ങളുണ്ടായിരുന്ന യാക്കോബിൻെറ (യിസ്രായേൽ) കുടുംബം വളർന്നു. അവൻെറ പുത്രന്മാരിൽ ഒരുവനായ യോസേഫ്, ഈജിപ്തിലെ ഉന്നതഉദ്യോഗസ്ഥനായിത്തീർന്നു. കഠിനമായ ക്ഷാമമുള്ള ഒരു കാലമായിരുന്നു അത്. അതിനാൽ യാക്കോബും കുടുംബവും സമൃദ്ധമായി ഭക്ഷണമുള്ളതും ജീവിതം സുഗമമായതുമായ ഈജിപ്തിലേക്ക് പോയി. എബ്രായരുടെ ഈ ഗോത്രം ഒരു ചെറിയ ജനതയായി വളർന്നു. ഈജിപ്തിലെ രാജാവായ ഫറവോൻ അവരെ അടിമകളാക്കുകയും ചെയ്തു. പിന്നീട് നാനൂറോളം വർഷങ്ങൾക്കുശേഷം പ്രവാചകനായ മോശെയെ ഉപയോഗിച്ച് ദൈവം അവരെ ഈജിപ്തിലെ അടിമത്വത്തിൽനിന്നും മോചിപ്പിച്ച് പാലസ്തീനിലേക്ക് കൊണ്ടുപോയ തെങ്ങനെയെന്ന് "പുറപ്പാട്" എന്ന പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. അവരുടെ സ്വാതന്ത്ര്യത്തിന് ഈജിപ്തുകാർ വലിയ വില നൽകേണ്ടിവന്നു. ഒടുവിൽ അവർക്കു സ്വാതന്ത്ര്യം നൽകാമെന്ന് ഫറവോൻ സമ്മതിക്കുംവരെ ഈജിപ്തുകാർക്കും ഫറവോനും അവരുടെ ആദ്യജാതന്മാരെ നഷ്ടപ്പെട്ടു. ജനങ്ങൾ സ്വതന്ത്രരാകുന്നതിനായി ആദ്യജാതന്മാർക്ക് മരിക്കേണ്ടിവന്നു. തങ്ങളുടെ ആരാധനയിലും ബലികളിലും ഇക്കാര്യം യിസ്രായേൽജനത പലവിധത്തിൽ പിന്നീട് അനുസ്മരിച്ചു.

യിസ്രായേൽജനത തങ്ങളുടെ സ്വതന്ത്ര്യത്തിലേക്കുള്ള യാത്രയ്ക്ക് തയ്യാറെടുത്തു കഴിഞ്ഞിരുന്നു. ഈജിപ്തിൽനിന്നുള്ള രക്ഷപെടലിന് അവർ ഒരുങ്ങിയിരുന്നു. ഓരോ കുടുംബവും ഓരോ കുഞ്ഞാടിനെ കൊന്നു. ദൈവത്തിനുള്ള പ്രത്യേക അടയാളമായി അവർ തങ്ങളുടെ വാതിൽപ്പടികളിൽ കുഞ്ഞാടിൻെറ രക്തം പുരട്ടി. പുളിപ്പിക്കാത്ത മാവുകൊണ്ട് ധൃതിവെച്ച് അവർ തങ്ങളുടെ അപ്പമുണ്ടാക്കി. ആ രാത്രി ദൈവത്തിൻെറ ദൂതൻ ആ പ്രദേശത്തു കൂടി കടന്നു പോയി. വാതിൽപ്പടികളിന്മേൽ കുഞ്ഞാടിൻെറ രക്തമില്ലാത്ത കുടുംബത്തിലെ ആദ്യജാതൻ മരിച്ചു. യിസ്രായേൽജനത സ്വതന്ത്രരായി. അടിമകൾ ഈജിപ്ത് വിടാനൊരുങ്ങിയപ്പോൾ ഫറവോൻ തൻെറ മനസ്സുമാററി. യിസ്രായേല്യ അടിമകളെ പിടിച്ചു തിരികെ കൊണ്ടുവരാൻ അദ്ദേഹം തൻെറ സൈന്യത്തെ അയച്ചു. എന്നാൽ ദൈവം തൻെറ ജനതയെ രക്ഷിച്ചു. ദൈവം ചെങ്കടലിനെ രണ്ടായി വിഭാഗിക്കുകയും തൻെറ ജനതയെ അതിലൂടെ സ്വാതന്ത്ര്യത്തിൻെറ മറുകരയിലെത്തിക്കുകയും അവരെ പിൻതുടർന്നു വന്ന ഈജിപ്ത്സൈന്യത്തെ നശിപ്പിക്കുകയും ചെയ്തു. അനന്തരം അറേബ്യൻ ഉപഭൂഖണ്ഡത്തിലെ സീനായ് മരുഭൂമിയിലെ ഒരു മലയിൽവച്ച് ദൈവം ആ ജനതയുമായി ഒരു കരാറുണ്ടാക്കുകയും ചെയ്തു.

**മോശെയുടെ ന്യായപ്രമാണം**

ദൈവം യിസ്രായേൽജനതയെ രക്ഷപെടുത്തിയതും അവരുമായി സീനായിൽവച്ച് കരാറുണ്ടാക്കിയതും ആ ജനതയെ മററുള്ളവരിൽനിന്നും വ്യത്യസ്തരാക്കുന്നു. യിസ്രായേല്യർക്കുള്ള വാഗ്ദാനങ്ങളും ന്യായപ്രമാണങ്ങളും ആ ഉടമ്പടിയിലുണ്ട്. ഈ കരാറിൻെറ പത്തുകല്പനകൾ എന്നറിയപ്പെടുന്ന ഒരു ഭാഗം ദൈവം രണ്ടു കല്പലകകളിൽ എഴുതി ജനങ്ങൾക്കു നൽകിയതാണ്. യിസ്രായേല്യർക്കുള്ള ജീവിതമാർഗ്ഗദർശനങ്ങളുടെ അടിസ്ഥാന തത്വങ്ങളാണ് ഈ കല്പനകൾ. യിസ്രായേൽ അവയുടെ അടിസ്ഥാനത്തിൽ ജീവിക്കണമെന്നാണ് ദൈവം പ്രതീക്ഷിയ്ക്കുന്നത്. തൻെറ ദൈവത്തോടും കുടുംബത്തോടും സഹജീവികളോടും ഒരു യിസ്രായേല്യനുള്ള കടമകളും അതിലുണ്ട്.

സീനായിമലയിൽ വച്ച് നൽകപ്പെട്ട പത്തു കല്പനകളും ബാക്കി ചട്ടങ്ങളും വചനങ്ങളും "മോശെയുടെ ന്യായപ്രമാണം" എന്നോ വെറും "ന്യായപ്രമാണം" എന്നോ അറിയപ്പെടുന്നു. പലപ്പോഴും ഈ പദം കുറിയ്ക്കുന്നത് പഴയനിയമത്തിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങളെയാണ്. ചിലപ്പോൾ പഴയനിയമത്തെ മുഴുവൻ തന്നെ ഈ പദം കുറിക്കാറുണ്ട്. പത്തു കല്പനകൾക്കും മററു പെരുമാററച്ചട്ടങ്ങൾക്കും പുറമേ, മോശെയുടെ ന്യായപ്രമാണത്തിൽ പുരോഹിതന്മാർ, ബലികൾ, ആരാധന, വിശുദ്ധദിവസങ്ങൾ എന്നിവയെപ്പററിയുള്ള ചട്ടങ്ങളുമുണ്ട്. ലേവ്യാപുസ്തകത്തിലാണ് ഈ ചട്ടങ്ങൾ കാണുന്നത്. മോശെയുടെ ന്യായപ്രമാണമനുസരിച്ച് എല്ലാ പുരോഹിതന്മാരും അവരുടെ സഹായികളും ലേവി ഗോത്രക്കാരായിരിക്കണം. 'ലേവ്യർ' എന്നാണ് ആ സഹായികൾ വിളിക്കപ്പെടുന്നത്. ഏററവും പ്രധാന പുരോഹിതനെ മഹാപുരോഹിതനെന്നു വിളിക്കുന്നു.

യിസ്രായേൽജനതയ്ക്ക് ദൈവത്തെ ആരാധിക്കാൻ പോകാനുള്ള വിശുദ്ധകൂടാരം അഥവാ സമ്മേളനക്കൂടാരം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ന്യായപ്രമാണത്തിലുണ്ട്. ആരാധനയ്ക്കുപയോഗിക്കുന്ന സാധനങ്ങളുണ്ടാക്കുന്നതിനെപ്പററിയുള്ള നിർദ്ദേശങ്ങളും ഇതിലുണ്ട്. ജനങ്ങൾ പിന്നീട് ആരാധനയ്ക്കായി പോയിത്തുടങ്ങിയ യെരൂശലേമിലെ സീനായിപർവ്വതത്തിലുള്ള വിശുദ്ധമന്ദിരം, ദൈവാലയം എന്നിവ നിർമ്മിയ്ക്കാൻ ഈ നിർദ്ദേശങ്ങൾ യിസ്രായേല്യരെ സഹായിച്ചു. ബലികളുടെയും ആരാധനയുടെയും ചട്ടങ്ങൾ തങ്ങൾ പരസ്പരവും ദൈവത്തിനെതിരായും പാപം ചെയ്തതായി അവർക്കു മനസ്സിലാക്കിക്കൊടുത്തു. എന്നാൽ അവരുടെ പാപങ്ങൾ പൊറുക്കപ്പെടാനും പരസ്പരവും ദൈവത്തിങ്കലേക്കും പുനരേകീകരിക്കുവാനും അവർക്കു അതു മാർഗ്ഗമൊരുക്കിക്കൊടുക്കുകയും ചെയ്തു. ദൈവം എല്ലാ മനുഷ്യർക്കുമായി നൽകാൻ തയ്യാറാക്കുന്ന ബലിയെപ്പററി അവർക്കു നന്നായി മനസ്സിലാക്കുന്നതിന് ആ ബലികൾ വഴി യൊരുക്കി.

അനേകം വിശുദ്ധദിവസങ്ങൾ അഥവാ ഉത്സവങ്ങൾ ആഘോഷിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ന്യായപ്രമാണത്തിലുണ്ട്. ഓരോ ആഘോഷത്തിനും അതിന്റേതായ പ്രത്യേകഅർത്ഥമുണ്ട്. വിളവെടുപ്പുത്സവമായ ആദ്യഫലോത്സവം, ശബ്വത്ത് (പെന്തക്കോസ്തു അഥവാ ആഴ്ചപ്പെരുന്നാൾ), സുക്കോത്ത് (കൂടാരപ്പെരുന്നാൾ), എന്നിവ പോലുള്ള ആഹ്ലാദകരമായ അവസരങ്ങളായിരുന്നു ചിലത്. ചില ആഘോഷങ്ങളാകട്ടെ, ദൈവം തന്റെ ജനതയ്ക്കായി ചെയ്ത അത്ഭുതകൃത്യങ്ങളെ അനുസ്മരിയ്ക്കുന്നവയായിരുന്നു. പെസഹാ അത്തരമൊന്നായിരുന്നു. ഈജിപ്തിൽ നിന്നുള്ള മോചനം എല്ലാ കുടുംബങ്ങളും ആഘോഷിച്ചു. ജനങ്ങൾ ദൈവത്തെ വാഴ്ത്തിക്കൊണ്ട് ഗീതങ്ങൾപാടി. ഒരു കുഞ്ഞാടിനെ വീതം കൊന്ന് സദ്യയൊരുക്കി. ഓരോ കോപ്പ വീഞ്ഞും ഓരോ ഉരുള ഭക്ഷണവും ജനങ്ങളെ, അവരുടെ വേദനയും ദു:ഖവും നിറഞ്ഞ ജീവിതത്തിൽനിന്നും രക്ഷിക്കാൻ ദൈവം ചെയ്ത കാര്യങ്ങൾ ഓർമ്മിപ്പിച്ചു.

മററ് ഉത്സവങ്ങളൊക്കെ വളരെ ഗൗരവമുള്ളവയായിരുന്നു. എല്ലാ വർഷവും പ്രായശ്ചിത്തദിവസം ജനങ്ങൾക്ക് തങ്ങൾ മററുള്ളവരോടും ദൈവത്തോടും ചെയ്ത പാപങ്ങളെപ്പററി ഓർമ്മിക്കേണ്ടി വന്നു. അത് ദു:ഖകരമായ ദിവസമായിരുന്നു. അതിനാൽ അവർ അന്ന് ഉപവസിച്ചു. എന്നാൽ അന്നു തങ്ങളുടെ പാപങ്ങൾക്കു പ്രായശ്ചിത്തമായി മഹാപുരോഹിതൻ വിശിഷ്ടമായ ചില ബലികൾ അർപ്പിച്ചു.

പഴയനിയമത്തിന്റെ രചയിതാക്കൾക്ക് ദൈവവും യിസ്രായേലും തമ്മിലുള്ള ഉടമ്പടി വളരെ പ്രധാനപ്പെട്ടതായിരുന്നു. പ്രവാചകരുടെ ഏതാണ്ട് എല്ലാ പുസ്തകങ്ങളും വിശുദ്ധലിഖിതങ്ങളും യിസ്രായേൽ രാഷ്ട്രവും ഓരോ യിസ്രായേല്യനും തങ്ങളുടെ ദൈവവുമായി ഒരു വിശിഷ്ട ഉടമ്പടിയുണ്ടാക്കിയെന്ന വസ്തുതയുടെ അടിസ്ഥാനത്തിലുള്ളതാണ്. അവരതിനെ “കർത്താവിന്റെ ഉടമ്പടി” എന്നോ കുറേക്കൂടി ലളിതമായി “ഉടമ്പടി” എന്നു മാത്രമോ വിളിച്ചു. അവരുടെ ചരിത്രപുസ്തകങ്ങൾ കരാറിന്റെ വെളിച്ചത്തിലാണ് വ്യാഖ്യാനിക്കപ്പെടുന്നത്. വ്യക്തിയോ ജനതയോ ദൈവത്തോട് വിശ്വാസം പുലർത്തിയാൽ ദൈവം അവർക്കു പ്രതിഫലം നൽകും. അവർ കരാറിനെ അവഗണിച്ചാൽ ദൈവം അവരെ ശിക്ഷിയ്ക്കും. ജനങ്ങൾക്കു ദൈവവുമായുള്ള കരാറിനെപ്പററി അവരെ ഓർമ്മിപ്പിക്കാൻ ദൈവം തന്റെ പ്രവാചകന്മാരെ അയച്ചു. ദൈവത്തെ അനുസരിക്കുന്നവർക്കായി ദൈവം ചെയ്ത അത്ഭുത കൃത്യങ്ങളെപ്പററി യിസ്രായേലിലെ കവികൾ പ്രകീർത്തിച്ചു പാടുകയും ദൈവനിഷേധം നടത്തിയവർക്കു ലഭിച്ച വേദനയിലും ശിക്ഷയിലും അവർ വിലപിക്കുകയും ചെയ്തു. കരാറിലെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ് രചയിതാക്കൾ തെററും ശരിയും വേർതിരിച്ചത്, നിഷ്കളങ്കർക്ക് യാതനകളുണ്ടാകുമ്പോൾ അതിനു കാരണമെന്തെന്നറിയാൻ കവികൾ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്.

**യിസ്രായേൽ രാഷ്ട്രം**

പ്രാചീന യിസ്രായേലിന്റെ കഥ ജനങ്ങൾ ദൈവത്തെ നിഷേധിയ്ക്കുന്നതിന്റെയും ദൈവം അവരെ രക്ഷിയ്ക്കുന്നതിന്റെയും ജനങ്ങൾ ദൈവത്തിലേക്കു മടങ്ങുന്നതിന്റെയും വീണ്ടും ദൈവത്തെ നിഷേധിയ്ക്കുന്നതിന്റെയും ഒക്കെ കഥയാണ്. ജനങ്ങൾ ദൈവത്തിന്റെ കരാർ സ്വീകരിച്ച നാൾ മുതൽ ഇതൊരു ചാക്രിക പ്രവർത്തനമായി ആവർത്തിച്ചുകൊണ്ടിരിക്കുന്നു. സീനായിപർവ്വതത്തിൽവച്ച് യിസ്രായേല്യർ ദൈവത്തെ അനുഗമിക്കാമെന്ന് സമ്മതിക്കുകയും പിന്നെ കലാപമുയർത്തുകയും അതിനാൽ നാല്പതു കൊല്ലക്കാലം മരുഭൂമിയിൽ അലഞ്ഞു നടക്കുകയും ചെയ്തു. അവസാനം മോശെയുടെ സഹായിയായ യോശുവ ജനങ്ങളെ വാഗ്ദത്ത ഭൂമിയിലേക്ക് നയിച്ചു. ആദ്യമൊരു കീഴടക്കലും പിന്നെ യിസ്രായേലിന്റെ ഭാഗികമായ കുടിയേററവുമുണ്ടായി. ഈ കുടിയേററത്തിന്റെ ആദ്യത്തെ ഏതാനും നൂററാണ്ടുകൾക്കു ശേഷം ന്യായാധിപന്മാരെന്നു വിളിക്കപ്പെടുന്ന പ്രാദേശിക ഭരണാധികാരികളാണ് ജനങ്ങളെ ഭരിച്ചത്.

അവസാനം ജനങ്ങൾക്ക് ഒരു രാജാവ് വേണമെന്ന് തോന്നി. ശൌൽ ആയിരുന്നു ആദ്യത്തെ രാജാവ്. ശൌൽ ദൈവത്തെ അനുസരിച്ചില്ല. അതിനാൽദൈവം ദാവീദ് എന്നൊരു ഇടയബാലനെ പുതിയ രാജാവായി തിരഞ്ഞെടുത്തു. ശമൂവേൽ പ്രവാചകൻ വന്ന് അവന്റെ തലയിൽ തൈലം ഒഴിച്ച് അവനെ യിസ്രായേലിന്റെ രാജാവായി അഭിഷേകം ചെയ്തു. യിസ്രായേലിന്റെ ഭാവിരാജാക്കന്മാർ യെഹൂദാഗോത്രക്കാരായ ദാവീദിന്റെ പിൻഗാമികളായിരിക്കുമെന്ന് ദൈവം ദാവീദിനു വാഗ്ദത്തംചെയ്തു. ദാവീദ് യെരൂശലേംനഗരം കീഴടക്കുകയും

അതിനെ തൻെറ തലസ്ഥാനവും ദൈവാലയത്തിനുള്ള ഭാവിയിലെ സ്ഥലമായും നിശ്ചയിച്ചു. അദ്ദേഹം ദൈവാലയത്തിലേക്കു പുരോഹിതന്മാരെയും പ്രവാചകന്മാരെയും ഗാനരചയിതാക്കളെയും സംഗീതക്കാരെയും ദൈവാലയത്തിലെ ആരാധനയ്ക്കു ഗായകരെയും നിയമിച്ചു. ദാവീദ് അനേകം ഗാനങ്ങൾ (സങ്കീർത്തനങ്ങൾ) എഴുതുകപോലും ചെയ്തു. എങ്കിലും ദൈവാലയം പണിയുന്നതിന് ദൈവമദ്ദേഹത്തെ അനുവദിച്ചില്ല.

ദാവീദ് വൃദ്ധനായി മരണത്തോടടുത്തപ്പോൾ തൻെറ മകനായ ശലോമോനെ യിസ്രായേലിലെ രാജാവാക്കി. എല്ലായ്പ്പോഴും ദൈവത്തെ അനുഗമിക്കാനും നിയമം പാലിക്കാനും അദ്ദേഹം തൻെറ മകനു മുന്നറിയിപ്പു നൽകി. രാജാവെന്നനിലയിൽ ശലോമോൻ ദൈവാലയം പണിയുകയും യിസ്രായേലിൻെറ അതിരുകൾ വ്യാപിപ്പിയ്ക്കുകയും ചെയ്തു. അക്കാലത്താണ് യിസ്രായേൽ അതിൻെറ ഏററവും മഹത്വത്തിലേക്ക് ഉയർന്നത്. ശലോമോൻ പ്രസിദ്ധനായിത്തീർന്നു. യിസ്രായേൽ ശക്തമായി.

**യെഹൂദയും യിസ്രായേലും വിഭജിക്കപ്പെട്ട രാജ്യം**

ശലോമോൻെറ മരണത്തോടെ ആഭ്യന്തര കുഴപ്പങ്ങൾ ഉണ്ടാകുകയും രാഷ്ട്രം വിഭജിക്കപ്പെടുകയും ചെയ്തു. വടക്കു ഭാഗത്തെ പത്തു ഗോത്രക്കാർ തങ്ങളെ യിസ്രായേൽ എന്നു സ്വയം വിളിച്ചു. തെക്കൻ ഗോത്രക്കാർ യെഹൂദയെന്നും സ്വയം വിളിച്ചു. (യെഹൂദർ എന്ന ആധുനിക പദം ഇതിൽ നിന്നുണ്ടായതാണ്.) യെഹൂദർ ഉടമ്പടിയോട് വിശ്വസ്തത പുലർത്തി. യെഹൂദർ കീഴടക്കപ്പെടുംവരെ ദാവീദിൻെറ വംശം (രാജാക്കന്മാരുടെ കുടുംബം) യെരൂശലേമിൽ ഭരണം നടത്തി. യെഹൂദരെ ബാബിലോണുകാർ നാടുകടത്തി.

വടക്കൻ രാഷ്ട്രത്തിൽ (യിസ്രായേൽ) ജനങ്ങൾ നിയമം പിന്തുടരാഞ്ഞതിനാൽ അനവധി രാജവംശങ്ങൾ വരികയും പോകുകയും ചെയ്തു. യിസ്രായേൽരാജാക്കന്മാർക്ക് പല കാലങ്ങളിലായി അനേകം തലസ്ഥാനങ്ങളുണ്ടായിരുന്നു. അതിൽ ഏററവും ഒടുവിലത്തേതായിരുന്നു ശമര്യ. ജനങ്ങൾക്കുമേൽ തങ്ങളുടെ പിടിമുറുക്കുന്നതിന് യിസ്രായേൽരാജാക്കന്മാർ ദൈവാരാധനയുടെ സമ്പ്രദായത്തിനു മാററം വരുത്തി. അവർ പുതിയ പുരോഹിതന്മാരെ തിരഞ്ഞെടുക്കുകയും പുതിയ രണ്ടു ദൈവാലയങ്ങൾ പണിയുകയും ചെയ്തു: ഒന്ന് ദാനിലും (യിസ്രായേലിൻെറ വടക്കേ അതിർത്തി) മറെറാന്ന് ബേഥേലിലും (യെഹൂദ്യയുമായുള്ള യിസ്രായേലിൻെറ അതിർത്തിയിൽ). യിസ്രായേലിനും യെഹൂദ്യയ്ക്കുമിടയിൽ ധാരാളം യുദ്ധങ്ങളും നടന്നിരുന്നു.

ആഭ്യന്തര കലാപങ്ങളുടെയും കുഴപ്പങ്ങളുടെയും കാലത്ത് ദൈവം യെഹൂദ്യയിലേക്കും യിസ്രായേലിലേക്കും ധാരാളം പ്രവാചകന്മാരെ അയച്ചു. ചില പ്രവാചകന്മാർ പുരോഹിതന്മാരും മററുള്ളവർ കർഷകരുമായിരുന്നു. ചിലർ രാജാക്കന്മാരുടെ ഉപദേഷ്ടാക്കളായി. മററുള്ളവർ വളരെ ലളിതജീവിതം നയിച്ചു. ചില പ്രവാചകന്മാർ തങ്ങളുടെ ഉപദേശങ്ങളോ പ്രവചനങ്ങളോ എഴുതി. മററുള്ളവർ അങ്ങനെ ചെയ്തില്ല. എന്നാൽ എല്ലാ പ്രവാചകന്മാരും വന്ന് നീതി, ന്യായം, എന്നിവയെപ്പററിയും സഹായത്തിനായി ദൈവത്തെ ആശ്രയിക്കേണ്ടതിനെപ്പററിയും പ്രസംഗിച്ചു.

ദൈവത്തിങ്കലേക്ക് തിരിഞ്ഞില്ലെങ്കിൽ ജനങ്ങൾ പരാജിതരാകുമെന്നും അവർ ചിതറിക്കപ്പെടുമെന്നും പല പ്രവാചകരും മുന്നറിയിപ്പു നൽകി. ഈ പ്രവാചകരിൽ പലർക്കും ഭാവിയിലെ മഹത്വങ്ങളെപ്പററിയും ശിക്ഷകളെപ്പററിയുമുള്ള ദർശനങ്ങളുണ്ടായി. പുതിയൊരു രാജാവ് തങ്ങളുടെ രാജ്യം ഭരിക്കാൻ വരുന്ന കാലത്തിനായി അവരിൽ പലരും കാത്തിരുന്നു. ദാവീദിൻെറ പിൻഗാമിയായ ആ രാജാവ് ദൈവത്തിൻെറ ജനതയെ പുതിയൊരു സുവർണ്ണയുഗത്തിലേക്ക് നയിക്കുമെന്നു ചിലർ കണ്ടു. ആ രാജാവ് ശാശ്വതമായ രാജ്യത്തെ എന്നെന്നേക്കുമായി ഭരിക്കുമെന്ന് ചിലർ പ്രസംഗിച്ചു. തൻെറ ജനതയെ ദൈവത്തിങ്കലേക്ക് മടക്കിക്കൊണ്ടു പോകാൻ വളരെ കഷ്ടമനുഭവിയ്ക്കുന്ന ഒരു ദാസനായാണ് മററുള്ളവർ അവനെ കാണുന്നത്. എന്നാൽ പുതിയൊരു യുഗസ്രഷ്ടാവായ, ദൈവത്തിൻെറ അഭിഷിക്തനായ മശീഹായെന്നനിലയിലാണ് എല്ലാവരും അവനെ കണ്ടത്.

**യിസ്രായേലിൻെറയും യെഹൂദയുടെയും നശീകരണം**

യിസ്രായേൽജനത ദൈവത്തിൻെറ മുന്നറിയിപ്പുകൾ ചെവിക്കൊണ്ടില്ല. അതിനാൽ ക്രി. മു. 722-721ൽ ശമര്യ അക്രമകാരികളായ അസ്സീറിയക്കാർക്കു കീഴടങ്ങി. യിസ്രായേല്യർ അവരവരുടെ വീടുകളിൽ നിന്നു പുറത്താക്കപ്പെടുകയും അസ്സീറിയയിലെമ്പാടും ചിതറിക്കപ്പെടുകയും യെഹൂദയിലെ അവരുടെ സഹോദരീസഹോദരന്മാർക്ക് എന്നെന്നേക്കുമായി നഷ്ടപ്പെടുകയും ചെയ്തു. അപ്പോൾ അസ്സീറിയക്കാർ വിദേശികളെ പുനരധിവസിപ്പിക്കുന്നതിന് യിസ്രായേലിലേക്കു കൊണ്ടുവന്നു. അവരെ യെഹൂദയിലെയും യിസ്രായേലിലെയും മതം പഠിപ്പിയ്ക്കുകയും അവരിൽ അനവധിപേർ കരാറിനെ പിൻതുടരാൻ ശ്രമിയ്ക്കുകയും ചെയ്തു. ശമര്യക്കാർ എന്ന് അവർ അറിയപ്പെടാൻ തുടങ്ങി. അസ്സീറിയക്കാർ യെഹൂദയെ തോല്പിക്കാൻ ശ്രമിച്ചു. ധാരാളം നഗരങ്ങൾ ആക്രമികൾക്കു കീഴടങ്ങിയെങ്കിലും ദൈവം യെരൂശലേമിനെ രക്ഷിച്ചു. പരാജിതനായ അസ്സീറിയരാജാവ് തൻെറ മാതൃരാജ്യത്തേക്കു മടങ്ങിച്ചെല്ലുകയും അവിടെവെച്ച് അയാളുടെ രണ്ടുപുത്രന്മാർ തന്നെ അയാളെ വധിക്കുകയും ചെയ്തു. അങ്ങനെ യെഹൂദാ രക്ഷപ്പെട്ടു.

ചുരുങ്ങിയ കാലംകൊണ്ട് യെഹൂദയ്ക്ക് മാററം സംഭവിച്ചു. അവർ കുറച്ചു കാലത്തേക്ക് ദൈവത്തെ അനുസരിച്ചു. പക്ഷേ അവരും അവസാനം പരാജിതരാകുകയും ചിതറിക്കപ്പെ ടുകയും ചെയ്തു. ബാബിലോൺ ശക്തി പ്രാപിയ്ക്കുകയും യെഹൂദയെ കീഴടക്കുകയും ചെയ്തു. ആദ്യം അവർ ചില പ്രമാണിമാരെ മാത്രം തടവുകാരായി പടിച്ചു. എന്നാൽ ഏതാനും വർഷങ്ങൾക്കുശേഷം ക്രി. മു. 587-586ൽ യെരൂശലേമും ദൈവാലയവും നശിപ്പിക്കാനായി അവർ തിരിച്ചു വന്നു. കുറെയാളുകൾ ഈജിപ്തിലേക്കു രക്ഷപ്പെട്ടെങ്കിലും അധികംപേരും ബാബിലോണിലേക്ക് അടിമകളായി കൊണ്ടുപോകപ്പെട്ടു. ദൈവം വീണ്ടും ജനങ്ങൾക്കിടയിലേക്കു പ്രവാചകരെ അയയ്ക്കുകയും അവർ വീണ്ടും ശ്രദ്ധിക്കാൻ തുടങ്ങുകയും ചെയ്തു. ദൈവാലയത്തിൻെറയും യെരൂശലേമിൻെറയും നശീകരണവും ബാബിലോണിലെ പ്രവാസവും ജനങ്ങളിൽ ഒരു യഥാർത്ഥ മാററമുണ്ടാക്കിയതായാണു കാണുന്നത്. പുതിയ രാജാവിനെയും അവൻെറ രാജ്യത്തെയുംപററി പ്രവാചകന്മാർ വളരെ സംസാരിച്ചു. പ്രവാചകന്മാരിലൊരാളായ യിരെമ്യാവ് പുതിയൊരുടമ്പടിയെപ്പററിപ്പോലും സംസാരിച്ചു. ആ പുതിയ കരാർ കല്ലലകളിന്മേലല്ല, പ്രത്യുത ദൈവത്തിൻെറ ജനതയുടെ ഹൃദയങ്ങളിലാണ് എഴുതപ്പെടേണ്ടത്.

**യെഹൂദർ പലസ്തീനിലേക്കു മടങ്ങുന്നു**

അതേസമയം കോരെശ് മേദ്യാ-പാർസിയിലെ ചക്രവർത്തിയാകുകയും ബാബിലോൺ കീഴടക്കുകയും ചെയ്തു. ജനങ്ങൾക്കു മാതൃഭൂമിയിലേക്കു മടങ്ങാൻ കോരെശ് അനുമതി നൽകി. അങ്ങനെ, എഴുപതുവർഷത്തെ പ്രവാസത്തിനു ശേഷം യെഹൂദരിലധികവും നാട്ടിൽ മടങ്ങിയെത്തി. അവർ തങ്ങളുടെ രാഷ്ട്രം പുനർനിർമ്മിക്കാൻ ശ്രമിച്ചെങ്കിലും യെഹൂദാ ചെറുതും ദുർബ്ബലവുമായി തുടർന്നു. ശലോമോൻ നിർമ്മിച്ചതിൻെറയത്ര മനോഹരമല്ലെങ്കിലും അവർ ഒരു ദൈവാലയം പണിതു. അനേകംപേർ വാസ്തവമായി ദൈവത്തിലേക്കു മടങ്ങുകയും നിയമം, പ്രവാചകരുടെ രചനകൾ, മററു വിശുദ്ധരചനകൾ എന്നിവ പഠിക്കാനാരംഭിയ്ക്കുകയും ചെയ്തു. അനേകംപേർ തിരുവെഴുത്തുകളുടെ പകർത്തിയെഴുത്തുകാരായി. അവസാനം ഇവർ തിരുവെഴുത്തുകൾ പഠിയ്ക്കുന്നതിനുള്ള പാഠശാലകൾ സംഘടിപ്പിക്കുകയും ചെയ്തു. ശബ്ബത്തു ദിവസം (ശനിയാഴ്ച) ജനങ്ങൾ പഠിക്കാനും പ്രാർത്ഥിക്കാനും ദൈവത്തെ ആരാധിക്കാനും ഒത്തുകൂടാൻ തുടങ്ങി. അവരുടെ യെഹൂദപ്പള്ളികളിൽ (സമ്മേളനങ്ങൾ) വച്ച് തിരുവെഴുത്തുകൾ പഠിയ്ക്കുകയും അനവധിപേർ മശീഹയുടെ വരവും കാത്തിരിയ്ക്കുകയും ചെയ്തു.

പടിഞ്ഞാറ്, മഹാനായ അലക്സാണ്ടർ ഗ്രീസിൻെറ ഭരണം ഏറെറടുക്കുകയും താമസിയാതെ ലോകമാകെ കീഴടക്കുകയും ചെയ്തു. അദ്ദേഹം ഗ്രീക്കു ഭാഷയും ആചാരങ്ങളും സംസ്കാരവും ലോകത്തിൻെറ പലഭാഗങ്ങളിലും പരത്തുകയും ചെയ്തു. അദ്ദേഹം മരണമടഞ്ഞപ്പോൾ രാഷ്ട്രം വിഭജിക്കപ്പെടുകയും ഉടൻ തന്നെ മറെറാരു രാഷ്ട്രം വളർന്നുവരികയും അറിയപ്പെടുന്ന ലോകത്തിലെ വലിയൊരു വിഭാഗത്തിൻെറ ഭരണമേറെറടുക്കുകയും ചെയ്തു. യെഹൂദർ വസിച്ചിരുന്ന പാലസ്തീനും അതിലുൾപ്പെടുന്നു.

പുതിയ ഭരണാധികാരികളായ റോമാക്കാർ ക്രൂരന്മാരും നിഷ്ഠൂരന്മാരുമായിരുന്നു. യെഹൂദർ അഹങ്കാരികളും ധിക്കാരികളും ആയിത്തീർന്നു. ഈ കുഴപ്പക്കാലമൊക്കെയും ഒരു വിഭാഗം യെഹൂദർ, തങ്ങളുടെ ജീവിതകാലത്തു തന്നെ മശീഹ വരുമെന്നതും കാത്തിരിയ്ക്കുകയായിരുന്നു. ദൈവത്താലും അവൻ അയക്കുമെന്നു വാഗ്ദാനം ചെയ്തിട്ടുള്ളവനായ മശീഹയാലും മാത്രം ഭരിക്കപ്പെടാനാണവർ ആഗ്രഹിച്ചത്. ലോകത്തെ മുഴുവൻ മശീഹയിലൂടെ രക്ഷിക്കുകയാണ് ദൈവത്തിൻെറ ലക്ഷ്യമെന്നാണവർ കരുതിയത്. ദൈവം മശീഹയെ അയയ്ക്കുന്നതും കാത്തിരിക്കുന്നതിൽ ചില യെഹൂദർ സന്തുഷ്ടരായിരുന്നു. എന്നാൽ മററു ചിലർ പുതിയരാജ്യം സ്ഥാപിക്കാൻ ദൈവത്തെ "സഹായിക്കാനാണു" നിശ്ചയിച്ചത്. ആ യെഹൂദരെ "സെലട്ടുകൾ" (എരിവകാർ) എന്നാണ് വിളിക്കുന്നത്. സെലട്ടുകൾ റോമക്കാർക്കെതിരെ യുദ്ധം ചെയ്യാൻ ശ്രമിക്കുകയും അവരോടാഭിമുഖ്യം കാണിച്ച ചില യെഹൂദരെപ്പോലും വധിക്കുകയും ചെയ്തു.

**യെഹൂദാ മതവിഭാഗങ്ങൾ**

ക്രി. മു. ഒന്നാം നൂററാണ്ടിനോടടുത്ത് മോശെയുടെ ന്യായപ്രമാണം യെഹൂദർക്ക് പരമപ്രധാനമായിത്തീർന്നു. ജനങ്ങൾ ന്യായപ്രമാണം പഠിയ്ക്കുകയും അതെപ്പററി ചർച്ച ചെയ്യുകയും ചെയ്തു. പല വിധത്തിലാണവർ ന്യായപ്രമാണം മനസ്സിലാക്കിയതെങ്കിലും പലരും ന്യായപ്രമാണത്തിനു വേണ്ടി മരിക്കാനും തയ്യാറായിരുന്നു. യെഹൂദർക്കിടയിൽ മൂന്നു പ്രമുഖ മതവിഭാഗങ്ങളുണ്ടായിരുന്നു. ഓരോ വിഭാഗത്തിലും എഴുത്തുകാരും (അഭിഭാഷകരോ, പണ്ഡിതന്മാരോ) ഉണ്ടായിരുന്നു.

**സദൂക്യർ**

അതിൽ ഒരു വിഭാഗം സദൂക്യർ എന്നാണറിയപ്പെടുന്നത്. ദാവീദുരാജാവിൻെറ കാലത്തെ മഹാപുരോഹിതനായ സദോക്കിൽ നിന്നായിരിക്കാം ആ പേരു വന്നത്. പുരോഹിതരിലധികവും അധികാരിവർഗ്ഗവും സദൂക്യരായിരുന്നു. മതകാര്യങ്ങളിൽ അവർ ന്യായപ്രമാണം (മോശെയുടെ അഞ്ചുപുസ്തകങ്ങൾ) മാത്രമാണ് ആധികാരികമായി സ്വീകരിച്ചത്. ബലികൾ, പുരോഹിതന്മാർ എന്നിവയെപ്പററി ന്യായപ്രമാണത്തിൽ വളരെ പഠിപ്പിയ്ക്കുന്നുണ്ടെങ്കിലും മരണാനന്തര ജീവിതത്തെപ്പററി അതിലൊന്നും പഠിപ്പിക്കുന്നില്ല. അതിനാൽ മനുഷ്യർ മരണത്തിൽ നിന്നും ഉയിർത്തെഴുന്നേൽക്കുമെന്ന് സദൂക്യർ വിശ്വസിച്ചിരുന്നില്ല.

**പരീശന്മാർ**
പരീശന്മാർ ആയിരുന്നു മററൊരു വിഭാഗം. "വിശദീകരിക്കുക" എന്നോ "വേർപെടുത്തുക" എന്നോ അർത്ഥം വരാവുന്ന ഒരു എബ്രായ പദത്തിൽ നിന്നാണ് ഈ പേരു വന്നത്. സാധാരണ ക്കാരെ മോശെയുടെ ന്യായപ്രമാണം പഠിപ്പിക്കാനോ അവർക്കതു വ്യാഖ്യാനിച്ചു കൊടുക്കാനോ അവർ ശ്രമിച്ചിരുന്നു. മോശെയുടെ കാലത്തോളം പിന്നോട്ട് പോകുന്ന ഒരു വാമൊഴി പാരമ്പര്യം ഉണ്ടായിരുന്നെന്ന് പരീശന്മാർ വിശ്വസിച്ചു. ഓരോ തലമുറയ്ക്കും പ്രയോജനപ്പെടും വിധം എല്ലാ തലമുറയിൽപ്പെട്ടവരും ന്യായപ്രമാണം വ്യാഖ്യാനിക്കണമെന്ന് അവർ വിശ്വസിച്ചിരുന്നു. മോശെയുടെ ന്യായപ്രമാണം മാത്രമല്ല പ്രവാചകന്മാരുടെ ലിഖിതങ്ങളും വിശുദ്ധരചനകളും അവരുടെ സ്വന്തം പാരമ്പര്യംപോലും തങ്ങളുടെ ആധികാരിക നിയമമായി പരീശന്മാർ സ്വീകരി ച്ചുവെന്നാണി തിൻെറയർത്ഥം. ന്യായപ്രമാണത്തെയും തങ്ങളുടെ പാരമ്പര്യത്തെയും പിൻതു ടരാൻ അവർ കഠിനമായി ശ്രമിച്ചിരുന്നു. അതിനാലവർ തങ്ങളെന്തൊക്കെതിന്നുന്നു, എന്തൊക്കെ തൊടുന്നു എന്നതിലൊക്കെ വളരെ ശ്രദ്ധിച്ചിരുന്നു. തങ്ങളുടെ കൈകൾ കഴുകുന്നതിലും കുളിക്കു ന്നതിലും അവർ പ്രത്യേകം ശ്രദ്ധിച്ചു. മരിച്ചവർ ഉയിർത്തെഴുന്നേൽക്കുമെന്നും അവർ വിശ്വസി ച്ചിരുന്നു. കാരണം അങ്ങനെ സംഭവിക്കുമെന്ന് പല പ്രവാചകന്മാരും പറഞ്ഞിട്ടുള്ളത് അവർ മനസ്സിലാക്കിയിരുന്നു.

**എസ്സേനികൾ**
മൂന്നാമത്തെ പ്രധാന വിഭാഗമാണ് എസ്സേനികൾ. യെരൂശലേമിലെ പുരോഹിതന്മാരിലധികവും ദൈവം കാണിച്ചു കൊടുത്ത മാർഗ്ഗത്തിലല്ല ജീവിച്ചത്. കൂടാതെ, റോമാക്കാർ കുറെയധികം മഹാപുരോഹിതന്മാരെ നിയമിക്കുകയും ചെയ്തു. അവരിൽ, ചിലർക്കാകട്ടെ മോശെയുടെ ന്യായപ്രമാണത്തിൽ പറയുന്ന യോഗ്യതയുമില്ല. അക്കാരണംകൊണ്ട് യെരൂശലേമിൽ ആരാധ നയും ബലിയും യഥാവിധിയല്ല നടക്കുന്നതെന്ന് എസ്സേനികൾ കരുതിയതുമില്ല. അതിനാൽ എസ്സേനികൾ യെഹൂദയിലെ മരുഭൂമിയിലേക്ക് താമസത്തിനായി പോയി. അവർ അവരുടെ സ്വന്തം സമൂഹത്തെ രൂപീകരിച്ചു. അവിടെ എസ്സേനികൾക്ക് മാത്രമേ താമസിക്കാനനുവാദമുള്ളൂ. എസ്സേനികൾ ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ദൈവം മശീഹയെ അയയ്ക്കുന്നതും ദൈവാ ലയത്തെയും പൗരോഹിത്യത്തെയും ശുദ്ധീകരിക്കുന്നതും കാത്തിരിക്കുകയും ചെയ്തു.

**പുതിയ നിയമം**
ദൈവം തൻെറ പദ്ധതിയാരംഭിച്ചു. അദ്ദേഹം ഒരു പ്രത്യേകജനതയെ തിരഞ്ഞെടുത്തു. അവൻെറ നീതിയും അവൻെറ നന്മയും മനസ്സിലാക്കാൻ അവരെ ഒരുക്കുന്നതിനുതകുന്ന ഒരു ഉടമ്പടി ദൈവം ആ ജനങ്ങളുമായുണ്ടാക്കി. പുതിയതും കുറേക്കൂടി മികച്ചതുമായ ഒരു കരാറിൻെറ അടി സ്ഥാനത്തിൽ കുററമററ ഒരു "ആത്മീകരാജ്യം" സ്ഥാപിച്ചുകൊണ്ട് ജനങ്ങളെ അനുഗ്രഹിക്കാനുള്ള തൻെറ പരിപാടി അവൻ പ്രവാചകരിലൂടെയും കവികളിലൂടെയും വെളിപ്പെടുത്തി. വാഗ്ദത്ത മശീഹയുടെ വരവോടെയാണ് ആ പദ്ധതി ആരംഭിക്കുക. അവൻെറ വരവിനെക്കുറിച്ച് പ്രവാ ചകന്മാർ വളരെ വിശദമായി സംസാരിച്ചിട്ടുണ്ട്. മശീഹ എവിടെ ജനിക്കുമെന്നും അവൻ എങ്ങനെയുള്ളവനായിരിക്കുമെന്നും അവന് എന്തു ദൗത്യമാണ് ചെയ്യാനുള്ളതെന്നുമൊക്കെ അവർ പറഞ്ഞു കഴിഞ്ഞു. ഇതാ, ഇപ്പോഴാണ് മശീഹയ്ക്ക് വരാനും പുതിയനിയമം ആരംഭിക്കാനും സമയമായത്.

ദൈവത്തിൻെറ പുതിയനിയമം, ക്രിസ്തു(അഭിഷിക്തൻ എന്ന മശീഹ)വായ യേശു എങ്ങനെ വെളിപ്പെടുത്തുകയും നടപ്പിൽ വരുത്തുകയും ചെയ്തുവെന്ന് പുതിയ നിയമത്തിലെ ലിഖിത ങ്ങൾ വിവരിക്കുന്നു. ഈ പുതിയ കരാർ ജനങ്ങളുടേതായി തീരാനുള്ളതാണെന്ന് അവ പഠിപ്പി ക്കുന്നു. ഒന്നാം നൂററാണ്ടിലെ ജനങ്ങൾ ദൈവത്തിൻെറ മഹത്തായ സ്നേഹാർപ്പണത്തോട് എങ്ങനെ പ്രതികരിച്ചുവെന്നും പുതിയനിയമത്തിൻെറ ഭാഗമായ തെങ്ങനെയെന്നും അവ പറ ഞ്ഞുതരുന്നു. ഈ ലോകത്തിൽ എങ്ങനെ ജീവിക്കണമെന്ന് ദൈവത്തിൻെറജനതയ്ക്ക് ഈ ലിഖിതങ്ങൾ നിർദ്ദേശങ്ങൾ നൽകുന്നു. ഇഹലോകത്തിൽ സമ്പൂർണ്ണവും അർത്ഥവത്തുമായൊരു ജീവിതത്തിനും മരണാനന്തരം അവനോടൊത്തുള്ള ജീവിതത്തിനും ദൈവം വാഗ്ദാനം ചെയ്യുന്ന അനുഗ്രഹങ്ങളെപ്പററിയും അവ വിവരിക്കുന്നു.

കുറഞ്ഞത് എട്ടു ലേഖകരെഴുതിയ ഇരുപത്തേഴ് വ്യത്യസ്ത "പുസ്തകങ്ങളുടെ" സമാഹാരമാണ് പുതിയനിയമം. ഒന്നാം നൂററാണ്ടിൽ പ്രചാരത്തിലിരുന്ന ഗ്രീക്കുഭാഷയിലാണ് അവയെല്ലാം എഴുതപ്പെട്ടത്. യേശു തൻെറ പ്രത്യേക പ്രതിനിധികളോ സഹായികളോ ആകാൻ തിരഞ്ഞെ ടുത്ത നാല് "അപ്പൊസ്തലന്മാരാണ്" ആകെ ലിഖിതങ്ങളിൽ പകുതിയിലധികവും എഴുതിയത്. അവരിൽ മൂന്നുപേർ; മത്തായി, യോഹന്നാൻ, പത്രൊസ് എന്നിവർ യേശുവിൻെറ പന്ത്രണ്ടു ശിഷ്യന്മാരിൽപ്പെട്ടവരാണ്. മററൊരു ലേഖകനായ പൌലൊസിനെ അത്ഭുതകരമായൊരു പ്രത്യ ക്ഷപ്പെടലിലൂടെ യേശു പിന്നീട് അപ്പൊസ്തലനായി തിരഞ്ഞെടുത്തതാണ്.

"സുവിശേഷങ്ങൾ" എന്നു വിളിക്കപ്പെടുന്ന ആദ്യത്തെ നാലു പുസ്തകങ്ങൾ യേശുക്രിസ്തുവി ൻെറ ജീവിതത്തെയും മരണത്തെയും പററിയുള്ള വിവരണങ്ങളാണ്. യേശുവിൻെറ ഉപദേശ ങ്ങൾ, ഭൂമിയിൽ അവൻെറ അവതാരത്തിൻെറ ലക്ഷ്യം, അവൻെറ മരണത്തിൻെറ നിർണ്ണായകമായ പ്രസക്തി, എന്നിവയ്ക്കാണ് അദ്ദേഹത്തിൻെറ ജീവചരിത്രത്തെക്കാൾ ഈ പുസ്തകങ്ങളിൽ പൊതുവെ ഊന്നൽ നൽകിയിരിക്കുന്നത്. പ്രത്യേകിച്ചും നാലാം പുസ്തകമായ യോഹന്നാൻെറ

സുവിശേഷത്തിൽ ഇതു വളരെ സത്യമാണ്. ആദ്യത്തെ മൂന്നു സുവിശേഷങ്ങളും ഉള്ളടക്കത്തിൽ സമാനത പുലർത്തുന്നവയാണ്. അതായത് ഒന്നിലെ വസ്തുതകൾ മററൊന്നിലോ മററു രണ്ടിലോ കാണുന്നുണ്ട്. എന്തായാലും, ഓരോ ലേഖകനും വ്യത്യസ്തവായനക്കാർക്കു വേണ്ടി ചെറിയതോതിൽ വ്യത്യസ്ത ലക്ഷണങ്ങളോടെയാണവ എഴുതിയിരിക്കുന്നത്.

നാലു സുവിശേഷങ്ങൾക്കു ശേഷം യേശുവിൻെറ മരണത്തെ തുടർന്നുണ്ടായ സംഭവങ്ങളെ വിവരിക്കുന്നത് പ്രവൃത്തികളാണ്. എല്ലാ ജനങ്ങൾക്കുമുള്ള ദൈവത്തിൻെറ സ്നേഹ വാഗ്ദാനത്തെ യേശുവിൻെറ അനുയായികൾ ലോകമെമ്പാടും എങ്ങനെ വിളംബരം ചെയ്തുവെന്ന് വിവരിക്കുകയാണിതിൽ. പാലസ്തീനിലും റോമൻസാമ്രാജ്യത്തിലും ക്രിസ്തീയ വിശ്വാസം വ്യാപകമാക്കുന്നതിന് ഈ സുവിശേഷത്തിൻെറ പ്രഖ്യാപനം എങ്ങനെ ഫലപ്രദമായെന്ന് ഇതു നമുക്കു പറഞ്ഞു തരുന്നു. താൻ രേഖപ്പെടുത്തിയതിനൊക്കെ ദൃക്സാക്ഷിയാകാൻ കഴിഞ്ഞ ലൂക്കൊസാണ് “പ്രവൃത്തികൾ” എന്ന പുസ്തകം എഴുതിയത്. മൂന്നാം സുവിശേഷത്തിൻെറ കർത്താവ് കൂടിയാണ് ലൂക്കൊസ്. അദ്ദേഹത്തിൻെറ രണ്ടു പുസ്തകങ്ങളും യുക്തിപരമായിട്ട് വളരെ യോജിക്കുന്നവയാണ്. കാരണം യേശുവിൻെറ ജീവിതത്തെപ്പററി ലൂക്കൊസെഴുതിയതിൻെറ തുടർച്ചതന്നെയാണ് പ്രവൃത്തികൾ.

പ്രവൃത്തികളെ തുടർന്ന് ക്രിസ്ത്യാനികളിലെ വ്യക്തികൾക്കും സംഘങ്ങൾക്കും എഴുതിയിരിക്കുന്ന കത്തുകളുടെ സമാഹാരമാണുള്ളത്. യേശുവിൻെറ അപ്പൊസ്തലന്മാരിൽ രണ്ടു പേരായ പൌലൊസ്, പത്രൊസ് എന്നിവരെപ്പോലുള്ള ക്രിസ്തീയ നേതാക്കളാണ് ആ കത്തുകളയച്ചത്. അക്കാലത്തെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ അവരെ അറിയിക്കുന്നതിനും തിരുത്തുന്നതിനും പഠിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമാണവ നൽകിയത്. ആ ജനങ്ങളെ മാത്രമല്ല എല്ലാ ക്രിസ്ത്യാനികൾക്കും അവരുടെ വിശ്വാസത്തിനും കൂട്ടായ്മയ്ക്കും ഇഹലോകജീവിതത്തിനും ഉതകുംവിധമാണ് അവ അയച്ചിരിക്കുന്നത്.

പുതിയ നിയമത്തിലെ അവസാന പുസ്തകമായ വെളിപ്പാടുകൾ മററുള്ളവയിൽനിന്നും വ്യത്യസ്തമാണ്. വളരെ ആലങ്കാരിക ഭാഷയിലാണിതിൻെറ രചയിതാവായ യോഹന്നാൻ അപ്പൊസ്തലൻ തൻെറ ദർശനങ്ങൾ അവതരിപ്പിക്കുന്നത്. ഇതിലെ രൂപകങ്ങളും പ്രതീകങ്ങളും അധികവും പഴയനിയമത്തിൽ നിന്നെടുത്തിട്ടുള്ളതായതിനാൽ പഴയനിയമവും ചേർത്തുവെച്ച് വായിക്കുന്നത് കാര്യങ്ങൾ മനസ്സിലാക്കാൻ കൂടുതൽ സഹായകമാകും. ക്രിസ്ത്യാനികൾക്ക് ഈ പുസ്തകം ദൈവത്തിൻെറയും അവരുടെ നേതാവും സഹായിയുമായ യേശുക്രിസ്തുവിൻെറയും ശക്തിയാൽ എല്ലാ ദുഷ്ടശക്തികൾക്കുംമേൽ വിജയം ഉറപ്പു നൽകുന്നുണ്ട്.

**പുതിയ നിയമത്തിലെ പുസ്തകങ്ങൾ**
പുതിയനിയമത്തിലുൾപ്പെട്ടിട്ടുള്ള പുസ്തകങ്ങളെപ്പററി താഴെ കൊടുത്തിരിക്കുന്ന ചെറിയ കുറിപ്പുകൾ അവ വായിക്കുന്നതിന് കുറെയൊക്കെ സഹായിച്ചേക്കാം.

**മത്തായി**
യേശുവിൻെറ ഏററവും അടുത്ത അനുയായികളിൽ ഒരാളാണ് മത്തായി. യേശു അയാളെ തൻെറ അപ്പൊസ്തലന്മാരിൽ ഒരാളായി തിരഞ്ഞെടുക്കുമ്പോൾ ചുങ്കപ്പിരിവുകാരനായ ഒരു യെഹൂദനായിരുന്നു അയാൾ. മത്തായിയുടെ രചനകളിൽ അയാളുടെ യെഹൂദപശ്ചാത്തലത്തിൻെറയും താല്പര്യങ്ങളുടെയും സ്വാധീനം ദൃശ്യമാണ്. യേശുവിൻെറ ജീവിതത്തിൽ പഴയനിയമത്തിലെ പ്രവചനങ്ങളുടെ നിവൃത്തിയിൽ പ്രത്യേക താല്പര്യം അദ്ദേഹത്തിനുള്ളതായി കാണാം. എന്തായാലും യേശുവിൻെറ ഉപദേശങ്ങളിലാണ് മത്തായി തൻെറ പുസ്തകം കേന്ദ്രീകരിച്ചിരിക്കുന്നത്.

**മർക്കൊസ്**
ചില അപ്പൊസ്തലന്മാരുടെ യുവ അനുയായിയായിരുന്നു, യോഹന്നാൻ മർക്കൊസ്. ചടുലമായൊരു രീതിയിൽ ചുരുക്കിപ്പറയുന്ന സമ്പ്രദായമാണ് മർക്കൊസിൻേറത്. മത്തായിയേയും ലൂക്കൊസിനെയും പോലെ യേശുവിൻെറ ഉപദേശങ്ങളിൽ അയാൾ വലിയ താല്പര്യം കാണിക്കുന്നില്ല. യെഹൂദരല്ലാത്ത റോമൻ മനസ്സിനെ വ്യക്തമായും മനസ്സിലാക്കി, യേശു ദൈവപുത്രനാണെന്ന് തെളിയിക്കത്തക്കവിധമുള്ള അവൻെറ പ്രവൃത്തികളെ കേന്ദ്രീകരിച്ചാണ് മർക്കൊസ് എഴുതുന്നത്. പാപത്തിൻെറ അനന്തര ഫലങ്ങളിൽനിന്നും മനുഷ്യവർഗ്ഗത്തെ രക്ഷിക്കുന്നതിനാണ് യേശു ഭൂമിയിലേക്ക് വന്നിരിക്കുന്നത് എന്നു ജനങ്ങളെ അറിയിക്കുന്നതിലാണ് മർക്കൊസ് പ്രധാനമായും ശ്രദ്ധിച്ചിരിക്കുന്നത്.

**ലൂക്കൊസ്**
പൌലൊസ് അപ്പൊസ്തലനോടൊപ്പം നിരന്തരം സഞ്ചരിച്ചിരുന്ന ഒരാളെഴുതിയ രണ്ടു പുസ്തകങ്ങളിൽ ഒന്നാണിത്. വിദ്യാസമ്പന്നനായ ഒരു വൈദ്യനും കഴിവുള്ള ഒരെഴുത്തുകാരനുമായിരുന്നു ലൂക്കൊസ്. മർക്കൊസിൻെറ സുവിശേഷവുമായും മത്തായിയുടെ സുവിശേഷത്തിൻെറ അധികഭാഗവുമായും വളരെ പരിചയം ലൂക്കൊസിനുണ്ടെന്നാണ് തോന്നുന്നത്. യെഹൂദരല്ലാത്ത തൻെറ വായനക്കാർക്ക് മനസ്സിലാകുന്നതും ആകർഷകവുമായ ഭാഗങ്ങൾ തിരഞ്ഞെടുക്കുകയായിരുന്നു ലൂക്കൊസ്. മററു സുവിശേഷലേഖകന്മാരെക്കാൾ യേശുവിൻെറ ജീവിതത്തെയൊരു ചരിത്ര

യഥാർത്ഥ്യമായി ചിട്ടയോടു കൂടിയാണ് ലൂക്കൊസ് അവതരിപ്പിക്കുന്നത്. എന്തായാലും യേശുവിന്റെ ജീവിതത്തിലെ സംഭവങ്ങൾക്കല്ല ഊന്നൽ കൊടുത്തിരിക്കുന്നത്, എന്നാൽ ജനങ്ങളെ ജീവിതത്തിന്റെ ശരിയായ അർത്ഥം പഠിപ്പിച്ച, എല്ലാ ജനങ്ങളെയും അവരുടെ ആവശ്യങ്ങളറിഞ്ഞ് അധികാരത്തോടെ സഹായിക്കുകയും രക്ഷിക്കുകയും ചെയ്ത, സ്നേഹിക്കുന്ന, കരുതുന്ന ഒരുവനെന്ന നിലയിലാണ് യേശുവിനെ അവതരിപ്പിക്കുന്നത്.

**യോഹന്നാൻ**
ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽ നിന്നു വ്യത്യസ്തമാണ് ഈ സുവിശേഷം. മനോഹരവും ആഴമേറിയതുമായൊരാമുഖത്തിന് ശേഷമാണ് ഈ സുവിശേഷം. മററു സുവിശേഷങ്ങളിലൊന്നും കാണാത്ത വളരെ വസ്തുതകൾ യോഹന്നാൻ അവതരിപ്പിക്കുന്നുണ്ട്. യേശുവാണ് മശീഹയും (ക്രിസ്തു) പരിശുദ്ധനായ "ദൈവപുത്രനും" ലോകത്തിന്റെ "രക്ഷകനും" എന്നു തെളിയിക്കുകയാണ് യോഹന്നാന്റെ പ്രധാന ലക്ഷ്യം.

**പ്രവൃത്തികൾ**
ലൂക്കൊസാണ് ഈ പുസ്തകം എഴുതിയത്. അദ്ദേഹത്തിന്റെ ആദ്യത്തെ പുസ്തകം എവിടെ അവസാനിക്കുന്നുവോ അവിടെ നിന്നാണിതിന്റെ ആരംഭം. മനുഷ്യരാശിയോടുള്ള ദൈവത്തിന്റെ സ്നേഹത്തെപ്പററി ഒരു സന്ദേശമടങ്ങുന്ന "സുവിശേഷം" പ്രഖ്യാപിച്ചുകൊണ്ട് ലോകത്തിലെമ്പാടും പോകാൻ യേശു തന്റെ അനുയായികൾക്കു നൽകുന്ന നിർദ്ദേശങ്ങളോടെയാണ് ഇതു തുടങ്ങുന്നത്. ജനങ്ങളെ അവരുടെ തെററായ പ്രവൃത്തികളുടെ അനന്തരഫലങ്ങളിൽനിന്ന് രക്ഷിക്കുന്നതിനുള്ള തന്റെ ദൈവീകനിയോഗത്തെപ്പററി അവർക്കിപ്പോൾ അറിയാവുന്നത് പറയാനാണ് യേശു അവരോടാവശ്യപ്പെട്ടത്. രണ്ടുപ്രധാന വ്യക്തികളായ പത്രൊസിന്റെയും പൌലൊസിന്റെയും പ്രവൃത്തികളെ കേന്ദ്രീകരിച്ചു കൊണ്ടാണ് ലൂക്കൊസ് ഈ നിയോഗത്തെ പൂർത്തീകരിക്കാൻ ശ്രമിക്കുന്നത്. ക്രിസ്തുമതം യെരൂശലേമിലെ ചെറിയൊരു തുടക്കത്തിൽ നിന്ന് സമീപപ്രദേശങ്ങളായ ശമര്യ, യെഹൂദാ എന്നിവിടങ്ങളിലേക്കും ആത്യന്തികമായി റോമാ സാമ്രാജ്യത്തിനു കീഴിലുള്ള വിദൂരദേശങ്ങളിലേക്കു പോലും ഇത്ര വേഗം പരന്നതെങ്ങനെയെന്ന് അദ്ദേഹം കാട്ടി തരുന്നു.

പുതിയനിയമത്തിലെ അടുത്ത രചനാസമുച്ചയം പൌലൊസിന്റെ കത്തുകളാണ്. കിലീക്യയിലെ (തെക്കുകിഴക്കെ തുർക്കി) തർസൊസുകാരനും ഉന്നതവിദ്യാഭ്യാസമുള്ളവനുമായ ഒരു യെഹൂദനായിരുന്നു പൌലൊസ് (ശൌൽ എന്നു മൂല നാമം) അപ്പൊസ്തലൻ. യെരൂശലേമിൽ വിദ്യാഭ്യാസം ലഭിച്ച അദ്ദേഹം പരീശന്മാർക്കിടയിലെ ഒരു നേതാവായിരുന്നു. ആദ്യകാലത്ത് ക്രിസ്തീയ പ്രസ്ഥാനത്തിന്റെ കടുത്ത വിമർശകനായിരുന്നു അദ്ദേഹം. യേശു അയാൾക്ക് ഒരു ദർശനത്തിൽ പ്രത്യക്ഷനാകുകയും അതോടെ അയാളുടെ മുഴുവൻ ജീവിതത്തിനും ഒരു ദിശാവ്യതിയാനം ഉണ്ടാകുകയും ചെയ്തു. പത്തോളം വർഷങ്ങൾക്കുശേഷം അയാൾ വളരെയധികം യാത്രചെയ്യുകയും ക്രിസ്തുവിനെപ്പററിയുള്ള സന്ദേശം പ്രഖ്യാപിക്കുകയും ചെയ്തു. ഇക്കാലത്ത് അദ്ദേഹം സഭകൾക്കും (ക്രിസ്തീയ വിഭാഗങ്ങൾ) വ്യക്തികൾക്കും അസംഖ്യം കത്തുകളയച്ചു. പുതിയ നിയമത്തിൽ അത്തരം പതിമൂന്നു കത്തുകൾ ഉൾപ്പെടുത്തിയിരിക്കുന്നു.

**റോമക്കാർക്കുള്ള** പൌലോസിന്റെ കത്താണ് ഇവയിലെല്ലാംവെച്ച് ഏററവും ദൈർഘ്യമേറിയതും പൂർണ്ണമായിട്ടുള്ളതും. ക്രിസ്തുവിനെപ്പററി ജനങ്ങളെ പഠിപ്പിക്കുന്നതിലും സഭകൾ രൂപീകരിക്കുന്നതിലും തനിക്ക് ആദ്യം പ്രവർത്തിക്കാൻ കഴിഞ്ഞ നഗരങ്ങളിലെ ക്രിസ്തീയ വിഭാഗങ്ങൾക്കുള്ളതാണ് അദ്ദേഹത്തിന്റെ കത്തുകളിലധികവും. റോമിൽ വസിക്കുന്ന ക്രിസ്ത്യാനികൾക്ക് അദ്ദേഹം കത്തുകളെഴുതിയെങ്കിലും ഒരിക്കലും അദ്ദേഹം അവിടെ പോയിട്ടില്ല. ക്രി. പി. 57ൽ അദ്ദേഹം ഗ്രീസിലായിരുന്നു. ആഗ്രഹിച്ചതുപോലെ റോമിലേക്കു യാത്ര ചെയ്യാൻ കഴിയാത്തതിനാലാണ് അദ്ദേഹം ഈ കത്തിൽ തന്റെ പതിവു ഉപദേശങ്ങൾ എഴുതിയത്. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന സത്യങ്ങൾ വളരെ ശ്രദ്ധയോടെ എഴുതി അവതരിപ്പിക്കുന്നതാണിത്.

**കൊരിന്ത്യർക്കുള്ള** ഒന്നും രണ്ടും കത്തുകൾ തെക്കെൻ ഗ്രീസിലെ നഗരമായ കൊരിന്തിലെ ക്രിസ്ത്യാനികൾക്ക് പൌലൊസ് എഴുതിയ അനവധി കത്തുകളിൽ രണ്ടെണ്ണമാണ്. ഇവയിൽ ആദ്യത്തെ കത്തിൽ അവിടുത്തെ ക്രിസ്ത്യാനികൾക്കിടയിൽ ഉണ്ടായ ചില പ്രശ്നങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളും അവരിൽ ചിലർ അദ്ദേഹത്തിനോട് ഉന്നയിച്ച ചോദ്യങ്ങൾക്കുള്ള മറുപടിയുമാണ്. ക്രിസ്തീയ ഐക്യം, വിവാഹം, ലൈംഗികപാപം, വിവാഹമോചനം, യെഹൂദാചാരങ്ങൾ മുതലായവയാണ് ഇതിലുള്ള വിഷയങ്ങൾ. പതിമൂന്നാം അദ്ധ്യായത്തിൽ പൌലൊസിന്റെ പ്രസിദ്ധമായലേഖനം അവരുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമായി അദ്ദേഹം കാണുന്ന സ്നേഹത്തെപ്പററിയുള്ളതാണ്. ഒന്നാം കത്തിനോട് കൊരിന്ത്യർ പ്രതികരിച്ചതിന്റെ തുടർച്ചാ നടപടിയാണ് രണ്ടാം കത്ത്.

**ഗലാത്യയിലെ** ക്രിസ്ത്യാനികൾക്കിടയിലുള്ള വ്യത്യസ്ത പ്രശ്നത്തെപ്പററിയുള്ളതാണ് ഗലാത്യർക്കുള്ള പൌലൊസിന്റെ കത്ത്. പൌലൊസ് അവിടെ ക്രിസ്തീയ സന്ദേശം വിളംബരം ചെയ്യുകയും ഏതാനും സഭകൾ രൂപീകരിക്കുകയും ചെയ്തിരുന്നു. അനന്തരം ഏതാനും യെഹൂദ പണ്ഡിതന്മാർ അവിടെയെത്തുകയും ക്രിസ്തുവിന്റെ യഥാർത്ഥഉപദേശങ്ങളിൽനിന്നും വ്യത്യ

സ്തമായ ചില ആശയങ്ങൾ പഠിപ്പിക്കുകയും ചെയ്തു. പ്രശ്നം വളരെ നിർണ്ണായകമായിരുന്നു. കാരണം ദൈവവുമായി ഒരു വ്യക്തിക്കുള്ള ബന്ധത്തിൻെറ അടിസ്ഥാനം അതിലടങ്ങിയിരുന്നു. ആ സമയത്തു ഗലാത്യയിലേക്കു പോകാൻ കഴിയാത്തതുകൊണ്ട് പൌലൊസ് ഈ കത്തിൽ ആ പ്രശ്നത്തെ ശക്തമായി നേരിട്ടു. റോമാക്കാർക്കുള്ള തൻെറ കത്തുപോലെ ഇതിൽ ക്രിസ്തീയ വിശ്വാസത്തിൻെറ അടിസ്ഥാന തത്വങ്ങളാണ് കൈകാര്യം ചെയ്യുന്നത്. പക്ഷേ വ്യത്യസ്തമായ കാരണത്താലാണെന്നു മാത്രം.

**എഫെസ്യർക്കുള്ള കത്ത്** പൌലൊസ് എഴുതിയത് അദ്ദേഹം തടവറയിലായിരിക്കുമ്പോഴാണ്. എന്നാലത് എവിടെവെച്ചാണെന്നോ എപ്പോഴാണെന്നോ നിശ്ചയമില്ല. എല്ലാ ജനങ്ങളെയും ക്രിസ്തുവിൻെറ ഭരണത്തിൻ കീഴിൽ കൊണ്ടുവരാനുള്ള ദൈവത്തിൻെറ പദ്ധതിയാണ് ഈ കത്തിൻെറ ഉള്ളടക്കം. പരസ്പരം ഐക്യത്തോടെയും അവരെക്കൊണ്ട് ദൈവത്തിനുള്ള ഉദ്ദേശ ത്തോട് പൂർണ്ണസമർപ്പണത്തോടെയും ജീവിക്കാൻ ക്രിസ്ത്യാനികളെ പ്രോത്സാഹിപ്പിക്കുകയാണ് പൌലൊസ്.

പൌലൊസ് **ഫിലിപ്പിയർക്കയച്ച** കത്തും തടവറയിൽ കിടന്നുകൊണ്ട് എഴുതിയതാണ്. അത് റോമിൽ വെച്ചായിരിക്കാനിടയുണ്ട്. അക്കാലത്ത് പൌലൊസ് പല പ്രശ്നങ്ങളെയും നേരിട്ടുകൊ ണ്ടിരിക്കുകയായിരുന്നെങ്കിലും അദ്ദേഹം ദൈവത്തിൽ വിശ്വസിച്ചു. ഈ കത്തിൽ നിറയെ വിശ്വാസവും ആഹ്ലാദവുമാണ്. ഫിലിപ്പിയയിലെ ക്രിസ്ത്യാനികളെ പ്രോത്സാഹിപ്പിക്കുകയും അവർ അദ്ദേഹത്തിനയച്ചുകൊടുത്ത സാമ്പത്തിക സഹായങ്ങൾക്ക് ദൈവത്തിന് നന്ദി പറയുക യുമാണ് പൌലൊസ് ഈ കത്തിൽ ചെയ്യുന്നത്.

ഏഷ്യാ മൈനറിലെ (തുർക്കി) ഒരു നഗരമായ കൊലൊസ്സ്യയിൽ പ്രശ്നമുണ്ടാക്കുന്ന ചില വ്യാജ ഉപദേശങ്ങളെ നേരിടാനാണ് പൌലൊസ് **കൊലൊസ്സ്യർക്ക്** കത്തയച്ചത്. ഈ കത്തിലെ ഭാഗങ്ങൾ എഫെസ്യർക്കയച്ച കത്തിനോട് വളരെ സാമ്യമുള്ളതാണ്. ക്രിസ്ത്യാനി അവശ്യം പാലിക്കേണ്ട ചില പ്രായോഗിക ജീവിതപാഠങ്ങളാണ് പൌലൊസ് നൽകുന്നത്.

**തെസ്സലോനിക്യർക്കുള്ള** ഒന്നും രണ്ടും കത്തുകൾ പൌലൊസിൻെറ ആദ്യത്തെ കത്തുകളിൽ പെടുന്നവയായിരിക്കാം. മാസിഡോണ്യയിലേക്കുള്ള (വടക്കേ ഗ്രീസ്) തൻെറ ആദ്യത്തെ യാത്ര യിൽ തന്നെ പൌലൊസ് തെസ്സലൊനിക്യർക്ക് ക്രിസ്തീയസന്ദേശം നൽകുകയുണ്ടായി. പലരും വിശ്വാസികളായി. പക്ഷേ ചെറിയ ഒരു കാലത്തിനുശേഷം പൌലൊസിന് അവിടം വിടേണ്ടി വന്നു. അവരുടെ പുതിയ വിശ്വാസത്തെ പ്രോത്സാഹിപ്പിക്കാൻ പൌലൊസ് അവർക്ക് കത്തയ ച്ചു. ജനങ്ങൾക്കു മനസ്സിലാകാത്ത ചില കാര്യങ്ങൾ, പ്രത്യേകിച്ചും ക്രിസ്തുവിൻെറ പ്രതീക്ഷിത വരവിനെപ്പററി അദ്ദേഹം ചർച്ചചെയ്യുകയും ചെയ്തു. ഈ ചർച്ച തുടരുകയാണ് രണ്ടാമത്തെ കത്തിൽ.

**തിമൊഥെയൊസിനുള്ള** ഒന്നും രണ്ടും കത്തുകളും **തീത്തൊസിനുള്ള** കത്തും പൌലൊസിൻെറ ജീവിതാവസാനത്തിൽ എഴുതിയതാണ്. പൌലൊസിൻെറ അടുത്ത രണ്ടനുയായികളാണവർ. എഫസൊസ്സിലും ക്രേത്തയിലും സഭകൾ സംഘടിപ്പിക്കുന്നതും പ്രവർത്തിക്കുന്നതും സംബന്ധി ച്ച ചില പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ തന്നെ സഹായിക്കുന്നതിന് പൌലൊസ് തിമൊഥെ യൊസിനെ എഫസൊസ്സിലും തീത്തൊസിനെ ക്രേത്തയിലും വിട്ടിരുന്നു. സ്വതന്ത്രനേതൃത്വ ത്തിനും പ്രവർത്തനത്തിനും തയ്യാറെടുക്കുന്ന തിന് ഈ സ്ഥലങ്ങളിലെ സഭകളെ സഹായിക്കേണ്ടി യിരുന്നത് തീർച്ചയായും അവരുടെ ജോലിയായിരുന്നു. തിമൊഥെയൊസിനു ഒന്നാം കത്തിലും തീത്തൊസിനുള്ള കത്തിലും നേതാക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗ ദർശനങ്ങളും വ്യത്യ സ്ത പ്രശ്നങ്ങളെയും അവസ്ഥകളെയും എങ്ങനെ നേരിടണമെന്നതിനെപ്പററിയുള്ള നിർദ്ദേശ ങ്ങളുമാണ് പൌലൊസ് നൽകുന്നത്. തടവറയിൽ കിടന്നുകൊണ്ട്, തൻെറ ജീവിതമവസാനി ക്കാറായെന്ന് സ്വയം ബോധ്യമായപ്പോൾ വളരെ വ്യക്തിപരമായി എഴുതിയതാണ് തിമൊഥെയൊ സിനുള്ള രണ്ടാം കത്ത്. നിറയെ ഉപദേശങ്ങളും പ്രോത്സാഹനങ്ങളുമുള്ള ഈ കത്തിൽ തൻെറ വിശ്വാസവും ധൈര്യവും സഹിഷ്ണുതയും മാതൃകയാക്കാൻ പൌലൊസ് തിമൊഥെയൊ സിനോട് ആവശ്യപ്പെടുന്നുണ്ട്.

കൊലൊസ്യർക്ക് കത്തെഴുതിയ അതേ സമയത്തു തന്നെയാണ് പൌലൊസ് **ഫിലേമോന്** ഹ്രസ്വമായൊരു കത്തെഴുതിയത്. ഒളിച്ചോടിപ്പോവുകയും പിന്നീട് പൌലൊസിൻെറ സ്വാധീനത്താൽ ക്രിസ്ത്യാനിയാവുകയും ചെയ്ത അടിമയായ ഒനേസിമൊസ്സിൻെറ യജമാനനാണ് ക്രിസ്ത്യാനിയായ കൊലൊസ്യക്കാരൻ ഫിലേമോൻ. ഒനേസിമൊസ്സി നോട് ക്ഷമിക്കുകയും അവനെ തിരികെ സ്വീരിക്കുകയും ചെയ്യണമെന്ന് ഫിലേമോനോട് അഭ്യർത്ഥിക്കുന്നതാണ് ഈ കത്ത്.

പൌലൊസിൻെറ കത്തുകൾക്ക് പുറമെ യേശുവിൻെറ മററു ശിഷ്യന്മാരെഴുതിയ എട്ടു കത്തുകൾ കൂടിയുണ്ട്. **“എബ്രായരുടെ”** എഴുത്തുകാരനാരാണെന്നറിയില്ലെങ്കിലും ക്രിസ്തുവിൽ വിശ്വസി ക്കുന്ന യെഹൂദർക്കാണെഴുതിയിരിക്കുന്നത് എന്നു വ്യക്തമാണ്. യേശുവിലുള്ള അവരുടെ വിശ്വാ സത്തിൽനിന്ന് അവർ വലിച്ചകററപ്പെട്ടതിനാൽ ആപത്തിൽ പെട്ടിരിക്കുകയായിരുന്നു. ക്രിസ്ത്യാ നികളായ അവരെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ വിശ്വാസത്തെ ബലപ്പെടുത്തുന്ന

തിനുമാണ് ആ കത്ത് എഴുതിയിരിക്കുന്നത്. യേശു ക്രിസ്തുവിന് മററെല്ലാ ജീവികളിലും വ്യക്തികളിലുമുള്ള അധികാരത്തിലാണ് ലേഖകൻ ഊന്നുന്നത്. യേശുക്രിസ്തുവിൻെറ അനശ്വര പൗരോഹിത്യവും "പുതിയ കരാറും" പഴയനിയമ പൗരോഹിത്യത്തെയും "ആദ്യ കരാറിനെക്കാൾ" ശ്രേഷ്ഠമാണ് എന്നദ്ദേഹം പഠിപ്പിക്കുന്നു. ദൈവത്തിൽ വിശ്വസിക്കുവാനും അവനുവേണ്ടി ജീവിക്കുവാനും ജനങ്ങളെ പ്രബോധിപ്പിച്ചു കൊണ്ടാണ് ലേഖകൻ ഉപസംഹരിക്കുന്നത്.

ദൈവത്തിൻെറയും യേശുവിൻെറയും "ഒരു ദാസനായ **യാക്കോബിൻെറ കത്തിനെ** വിവരിക്കുന്നതിന് മിക്കപ്പോഴും ഉപയോഗിക്കാറുള്ള വാക്കാണ് "പ്രായോഗികം" എന്നത്. യേശുവിൻെറ സഹോദരന്മാരിൽ ഒരുവനാണ് ഇവൻ എന്നാണ് ചിലർ കരുതുന്നത്. നീതി, ന്യായം, പാവങ്ങളെ സഹായിക്കൽ, ലോകത്തോടുള്ള സൗഹൃദം, ജ്ഞാനം, ആത്മനിയന്ത്രണം, വിചാരണകൾ, പ്രലോഭനങ്ങൾ, പ്രവൃത്തി, കേൾവി, വിശ്വാസം, ചെയ്തികൾ എന്നിവയെപ്പററിയൊക്കെ യാക്കോബും പറയുന്നുണ്ട്. പ്രാർത്ഥിക്കാനും ശാന്തരായിരിക്കാനും അദ്ദേഹം ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്.

**പത്രൊസിൻെറ** ഒന്നും രണ്ടും കത്തുകൾ പത്രൊസ് അപ്പൊസ്തലൻ എഴുതിയത് വ്യത്യസ്തമായ അനവധി സ്ഥലങ്ങളിൽ വസിക്കുന്ന ക്രിസ്ത്യാനികൾക്കു വേണ്ടിയാണ്. ആ ക്രിസ്ത്യാനികളെ പത്രൊസ് പഠിപ്പിക്കുന്നത് അവരുടെ ജീവനുള്ള പ്രത്യാശയെപ്പററിയും സ്വർഗ്ഗത്തിലുള്ള അവരുടെ യഥാർത്ഥ വസതിയെപ്പററിയുമാണ്. അവർ യാതനനിറഞ്ഞ ഒരു കാലഘട്ടത്തിലൂടെ കടന്നുപോകുന്നതിനാൽ ദൈവം അവരെ കൈവിട്ടിട്ടില്ലെന്ന് പത്രൊസ് അവർക്കു ഉറപ്പ് നൽകുന്നു. അവരുടെ കഷ്ടങ്ങൾ കൊണ്ട് അവർ കൂടുതൽ നന്നാകുമെന്നും ദൈവം അവരെ അനുഗ്രഹിച്ചുവെന്നും യേശുക്രിസ്തുവിലൂടെ അവരുടെ പാപങ്ങൾ അവൻ പൊറുത്തിരിക്കുന്നുവെന്നും അദ്ദേഹം അവരെ ഓർമ്മിപ്പിക്കുന്നു. നേരായജീവിതം കൊണ്ട് അവർ പ്രതികരിക്കണം. പത്രൊസിൻെറ രണ്ടാമത്തെ കത്തിൽ അപ്പൊസ്തലൻ വ്യാജ ഉപദേഷ്ടാക്കളെ നേരിടുന്നുണ്ട്. ശരിയായ അറിവിനെയും ക്രിസ്തുവിൻെറ രണ്ടാം വരവിനെയും പററി അദ്ദേഹം പഠിപ്പിക്കുന്നു.

**യോഹന്നാൻെറ ഒന്നും രണ്ടും മൂന്നും കത്തുകൾ** യോഹന്നാൻ അപ്പൊസ്തലൻ എഴുതിയവയാണ്. ദൈവം വിശ്വാസികളെയെല്ലായ്പ്പോഴും സ്വീകരിക്കുമെന്ന് യോഹന്നാൻെറ സ്നേഹത്തിൻെറ കത്ത് ജനങ്ങൾക്കുറപ്പു നൽകുന്നു. സഹജീവികളെ സ്നേഹിച്ചും ദൈവം ആഗ്രഹിക്കുന്ന രീതിയിൽ ജീവിച്ചും തങ്ങൾക്കു ദൈവത്തോടുള്ള സ്നേഹം പ്രകടിപ്പിക്കാൻ യോഹന്നാൻ അവരെ പഠിപ്പിക്കുന്നു. രണ്ടാമത്തെയും മൂന്നാമത്തെയും കത്തുകളിൽ പരസ്പരം സ്നേഹിക്കാൻ ക്രിസ്ത്യാനികളോടഭ്യർത്ഥിക്കുന്നതാണ്. വ്യാജഉപദേഷ്ടാക്കൾക്കും ദൈവീകമല്ലാത്ത പെരുമാററത്തിനും എതിരെ കത്തിൽ മുന്നറിയിപ്പും നൽകുന്നു.

**യൂദായുടെ കത്തിൻെറ** രചയിതാവ് യാക്കോബിൻെറ ഒരു സഹോദരനാണ്. അദ്ദേഹം യേശുവിൻെറ ഒരു സഹോദരനായിരിക്കാനും ഇടയുണ്ട്. ഈ കത്ത് വിശ്വസ്തതയെ പ്രോത്സാഹിപ്പിക്കുകയും കുഴപ്പക്കാർക്കും വ്യാജഉപദേഷ്ടാക്കൾക്കും എതിരെ സംസാരിക്കുകയും ചെയ്യുന്നു.

യോഹന്നാൻ അപ്പൊസ്തലൻെറ **വെളിപ്പാടുകൾ** പുതിയ നിയമത്തിലെ മററു പുസ്തകങ്ങളിൽ നിന്നും വ്യത്യസ്തമാണ്. അത്യധികം ആലങ്കാരിക ഭാഷയിലുള്ള ഈ പുസ്തകത്തിൽ യോഹന്നാൻ കണ്ട ദർശനങ്ങളെപ്പററിയാണ് പറയുന്നത്. ഇതിലെ പല രൂപകങ്ങളും പ്രതീകങ്ങളും പഴയനിയമത്തിൽ നിന്നുള്ളതാകയാൽ പഴയ നിയമത്തിലെ ഭാഗങ്ങളുമായി താരതമ്യപ്പെടുത്തി വായിക്കുന്നതാണ് കൂടുതൽ പ്രയോജനകരം. ദൈവത്തിൻെറയും അവരുടെ നേതാവും സഹായിയുമായ യേശുവിൻെറയും ശക്തിയാൽ എല്ലാ ദുഷ്ടശക്തികൾക്കുംമേൽ ക്രിസ്ത്യാനികൾക്ക് വിജയം ഉറപ്പു നൽകുന്നതാണ് ഈ പുസ്തകം.

**ബൈബിളും നവീന വായനക്കാരനും**

നമ്മുടെ കാലഘട്ടത്തിലേതിൽനിന്നും തികച്ചും വ്യത്യസ്തമായ സംസ്കാരമുള്ള ജനങ്ങൾക്കുവേണ്ടി ആയിരക്കണക്കിനു വർഷങ്ങൾക്ക് മുമ്പ് എഴുതിയതാണ് ഈ പുസ്തകങ്ങളെന്ന് ഇന്ന് ബൈബിൾ വായിക്കുന്നവർ മനസ്സിലാക്കണം. സാർവദേശീയമായി സത്യമെന്ന് പറയാവുന്ന തത്വങ്ങളിലാണ് ഈ രചനകൾ പൊതുവെ കേന്ദ്രീകരിച്ചിരിക്കുന്നത്. രചയിതാക്കളുപയോഗിച്ചിരിക്കുന്ന ചരിത്രപരമായ വസ്തുതകളും വിവരണങ്ങളും പരാമർശങ്ങളും മനസ്സിലാക്കാൻ അവർ ജീവിച്ചിരുന്ന കാലത്തെയും സംസ്കാരത്തെയും പററി കുറയൊക്കെ അറിഞ്ഞിരിക്കണമെന്നുമാത്രം. ഉദാഹരണമായി, വ്യത്യസ്തമായ അവസ്ഥകളിലുള്ള മണ്ണിൽ ധാന്യം വിതയ്ക്കുന്ന ഒരാളുടെ കഥ യേശു പറഞ്ഞു. മണ്ണിൻെറ ആ അവസ്ഥകൾ ഇന്ന് ഒരാൾക്ക് അത്ര പരിചിതമായിരിക്കയില്ല. പക്ഷേ യേശു ആ ഉദാഹരണത്തിലൂടെ തരുന്ന പാഠം എക്കാലത്തും എവിടെയുമുള്ള മനുഷ്യർക്ക് യോജിച്ചതാണ്.

ബൈബിളിൻെറ ലോകം പുതിയകാലത്തിലെ വായനക്കാരന് ഏതാണ്ട് അന്യമാണ്. ആചാരങ്ങൾ, മനോഭാവങ്ങൾ, ജനങ്ങളുടെ സംസാരരീതി, ഇതൊക്കെ തികച്ചും അപരിചിതങ്ങളാണ്. ഇതൊക്കെ അന്നത്തെ സ്ഥലകാലങ്ങളുടെ അളവുകോലുകൾവെച്ചു മാത്രമേ പരിശോധിക്കാനാകൂ. നവീന മാനദണ്ഡങ്ങൾ അതിന് ഉതകുകയില്ല. ബൈബിൾ ഒരു ശാസ്ത്രീയഗ്രന്ഥമായല്ല എഴുതിയിരിക്കുന്നത് എന്നതും പ്രത്യേകം ശ്രദ്ധേയമാണ്. ചരിത്രസംഭവങ്ങൾ വിവരിക്കാനും

ആ സംഭവങ്ങൾ മനുഷ്യവർഗ്ഗത്തിന് എത്രമാത്രം അർത്ഥവത്താണെന്ന് സൂചിപ്പിക്കാനുമാണ് അതെഴുതിയിരിക്കുന്നത്. ഇതിലെ ഉപദേശങ്ങളിൽ ശാസ്ത്രത്തിന്റെ മണ്ഡലത്തിനപ്പുറത്തുള്ള സാർവലൗകീക സത്യങ്ങളാണുൾക്കൊള്ളു ന്നത്. ഈ ആധുനികയുഗത്തിലും ഇത് പ്രസക്തമായി തുടരുന്നു. കാരണം ജനങ്ങളുടെ ഒരിക്കലും മാറാത്ത ആത്മീയാവശ്യങ്ങളാണിതു കൈകാര്യം ചെയ്യുന്നത്.

വസ്തുനിഷ്ഠമായി ബൈബിൾ വായിക്കുന്ന ഏതൊരുവനും ധാരാളം ഫലങ്ങൾ പ്രതീക്ഷിക്കാം. പുരാതന ലോകത്തിന്റെ ചരിത്രത്തെയും സംസ്കാരത്തെയുംപററിയുള്ള അറിവുകൾ അവനു നേടാം. യേശുക്രിസ്തുവിന്റെ ജീവിതത്തെയും ഉപദേശങ്ങളെയും അവന്റെ അനുയായിയായിരിക്കുന്നതിന്റെ അർത്ഥത്തെയും പററി അയാൾക്കു പഠിക്കാം. ഊർജസ്വലവും ആറ്റാദകരവുമായ ഒരു ജീവിതം എങ്ങനെ നയിക്കാമെന്നതിന്റെ പ്രായോഗിക പാഠങ്ങൾ പഠിക്കാനും അടിസ്ഥാന പരമായ ആത്മീയ ഉൾക്കാഴ്ച നേടാനും അവനു കഴിയും. ജീവിതത്തിലെ വിഷമം പിടിച്ച ചോദ്യങ്ങൾക്ക് അയാൾക്ക് ഉത്തരം കിട്ടും. അതിനാൽ ഈ പുസ്തകം വായിക്കുന്നതിന് ഒരുപാട് നല്ല കാരണങ്ങളുണ്ട്. തുറന്നതും അന്വേഷണാത്മകവുമായ മനസ്സോടെ ഇതു വായിക്കുന്നവന് തന്റെ ജീവിതംകൊണ്ട് ദൈവം എന്താണുദ്ദേശിക്കുന്നതെന്ന് കണ്ടെത്താനുമുതകും.

# License Agreement for Bible Texts

***World Bible Translation Center***
***Last Updated: September 21, 2006***

Copyright © 2006 by World Bible Translation Center
All rights reserved.

**These Scriptures:**

- Are copyrighted by World Bible Translation Center.
- Are not public domain.
- May not be altered or modified in any form.
- May not be sold or offered for sale in any form.
- May not be used for commercial purposes (including, but not limited to, use in advertising or Web banners used for the purpose of selling online add space).
- May be distributed without modification in electronic form for non-commercial use. However, they may not be hosted on any kind of server (including a Web or ftp server) without written permission. A copy of this license (without modification) must also be included.
- May be quoted for any purpose, up to 1,000 verses, without written permission. However, the extent of quotation must not comprise a complete book nor should it amount to more than 50% of the work in which it is quoted. A copyright notice must appear on the title or copyright page using this pattern: "Taken from the HOLY BIBLE: EASY-TO-READ VERSION™ © 2006 by World Bible Translation Center, Inc. and used by permission." If the text quoted is from one of WBTC's non-English versions, the printed title of the actual text quoted will be substituted for "HOLY BIBLE: EASY-TO-READ VERSION™." The copyright notice must appear in English or be translated into another language. When quotations from WBTC's text are used in non-saleable media, such as church bulletins, orders of service, posters, transparencies or similar media, a complete copyright notice is not required, but the initials of the version (such as "ERV" for the Easy-to-Read Version™ in English) must appear at the end of each quotation.

Any use of these Scriptures other than those listed above is prohibited. For additional rights and permission for usage, such as the use of WBTC's text on a Web site, or for clarification of any of the above, please contact World Bible Translation Center in writing or by email at distribution@wbtc.com.

World Bible Translation Center
P.O. Box 820648
Fort Worth, Texas 76182, USA
Telephone: 1-817-595-1664
Toll-Free in US: 1-888-54-BIBLE
E-mail: info@wbtc.com

**WBTC's web site –** World Bible Translation Center's web site: http://www.wbtc.org

**Order online –** To order a copy of our texts online, go to: http://www.wbtc.org

**Current license agreement –** *This license is subject to change without notice. The current license can be found at:* http://www.wbtc.org/downloads/biblelicense.htm

**Trouble viewing this file –** If the text in this document does not display correctly, use Adobe Acrobat Reader 5.0 or higher. Download Adobe Acrobat Reader from: http://www.adobe.com/products/acrobat/readstep2.html

**Viewing Chinese or Korean PDFs –** To view the Chinese or Korean PDFs, it may be necessary to download the Chinese Simplified or Korean font pack from Adobe. Download the font packs from: http://www.adobe.com/products/acrobat/acrrasianfontpack.html